**പതിമൂന്നാം കേരള നിയമസഭ**
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

**വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും**
**(ELECTRICITY, LABOUR AND LABOUR WELFARE)**

**പീരിയോഡിക്കൽ റിപ്പോർട്ട്**
(2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെയുള്ളത്)
**(PERIODICAL REPORT FROM 28th JUNE 2011 TO 31st MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

(2012 ജൂലൈ 13-ാം തീയതി സമർപ്പിച്ചത്
(Presented on 13th July 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 28th JUNE TO 31st MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

543/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| യോഗനടപടിക്കുറിപ്പുകൾ | .. | 32 |
| അനുബന്ധം II : | | |
| സർക്കാർ ഉത്തരവുകൾ | .. | 60 |

# സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും (2011-2013)

## ഘടന

<u>ചെയർമാൻ:</u>

ശ്രീ. ആര്യാടൻ മുഹമ്മദ്,

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. ഷിബു ബേബി ജോൺ,

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. എ. കെ. ബാലൻ, എം. എൽ. എ.

„ എം. ചന്ദ്രൻ, എം. എൽ. എ.

„ പി. കെ. ഗുരുദാസൻ, എം. എൽ. എ.

„ എം. ഹംസ, എം. എൽ. എ.

„ പി. എ. മാധവൻ, എം. എൽ. എ.

„ എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.

„ എ. കെ. ശശീന്ദ്രൻ, എം. എൽ. എ.

„ കെ. ശിവദാസൻ നായർ, എം. എൽ. എ.

„ എം. എ. വാഹീദ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

„ പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

„ പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 28-6-2011 മുതൽ 31-3-2012 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ, 15-ാം നമ്പർ ബുള്ളറ്റിൻ—ഭാഗം 2 പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട 2011-2013 കാലയളവിലേക്കുള്ള, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 28-6-2011 മുതൽ 31-3-2012 വരെയുള്ള കാലയളവിൽ പരിഗണിച്ച കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 26-7-2011, 1-8-2011, 19-8-2011, 10-10-2011, 3-11-2011, 4-1-2012 എന്നീ തീയതികളിലായി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 26-7-2011, 1-8-2011 തീയതികളിലെ യോഗങ്ങളിൽ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും കൂടാതെ 26-7-2011-ലെ യോഗത്തിൽ 31-3-2011 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുയും ചെയ്തു. 19-8-2011-ൽ ചേർന്ന യോഗത്തിൽ സമിതി, 2011-2012 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു. 10-10-2011-ലെ യോഗത്തിൽ സമിതി 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 3-11-2011-ൽ സമിതി 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ, സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും, അവ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. 4-1-2012-ൽ ചേർന്ന യോഗത്തിൽ സമിതിയുടെ അംഗീകാരത്തിനായി ലഭ്യമായ എസ്.ആർ.ഒ.യുടെ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനവും ഏകോപനവും സംബന്ധിച്ച ശ്രീ. എസ്. ശ്രീനിവാസൻ, I.A.S. കമ്മീഷൻ റിപ്പോർട്ട് വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തു. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർനില 67% ആയിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിച്ച വിവരങ്ങൾ, രണ്ടാം ഭാഗത്ത് സമിതി പരിഗണിച്ച ചട്ടത്തിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും ആയതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ഭാഗം-III ആയും സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധം I ആയും സമിതിയുടെ ശുപാർശയിന്മേൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു.

2012 ജൂൺ 6-ാം തീയതിയിൽ ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,

6-6-2012.

# റിപ്പോർട്ട്

## ഭാഗം I

2011–12-ലെ സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട് 2011 ആഗസ്റ്റ് മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു. പ്രസ്തുത റിപ്പോർട്ട് 2011 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിച്ചു.

26-7-2011, 1-8-2011 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ 2011-12 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽവരുന്ന താഴെ പറയുന്ന ധനാഭ്യർത്ഥനകളുടെ കണക്കിനങ്ങൾ സമിതി പരിശോധിച്ചു:

| | | | |
|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XXXIX | — | വൈദ്യുതപദ്ധതികൾ |
| ധനാഭ്യർത്ഥന നമ്പർ | XXIV | — | തൊഴിലും തൊഴിലാളിക്ഷേമവും |
| ധനാഭ്യർത്ഥന നമ്പർ | XVIII | — | വൈദ്യസഹായവും പൊതുജനാരോഗ്യവും |
| ധനാഭ്യർത്ഥന നമ്പർ | XLVI | — | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും |

സമിതിയുടെ 29-6-2010 മുതൽ 31-3-2011 വരെയുള്ള ആനുകാലിക റിപ്പോർട്ട് 13-10-2011-ന് സഭയിൽ സമർപ്പിച്ചു.

2010-2011 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2011 ഒക്ടോബർ 28-ാം തീയതി സഭയിൽ സമർപ്പിച്ചു.

## ഭാഗം II

## ചട്ടത്തിന്റെ പരിഗണന

സമിതിയുടെ അനുമതിയില്ലാതെ പുറപ്പെടുവിച്ച താഴെ പറയുന്ന എസ്.ആർ.ഒ. സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു:

വ്യവസായ വകുപ്പിന്റെ 2008-ലെ വൈസ് പ്രിൻസിപ്പൽ/പ്രിൻസിപ്പൽ ക്ലാസ്സ് II നിയമനം സംബന്ധിച്ച ഭേദഗതി എസ്.ആർ.ഒ. നമ്പർ 30/2008.

## ഭാഗം III

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെ പറയുന്ന റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിച്ചു :

സബ്ജക്ട് കമ്മിറ്റി VII-ന്റെ (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും) ഒന്നാമത് റിപ്പോർട്ട് (2006-2007)

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ശുപാർശ

4050-60-051-86-16—ലേബർ കമ്മീഷണറുടെ ഓഫീസ് കെട്ടിടം പണിയാനുള്ള പദ്ധതി മരാമത്ത് (പ്ലാൻ)

നിർദ്ദിഷ്ട ലേബർ കോംപ്ലക്സ് പൂർത്തീകരിക്കുന്നതിന് 3.15 കോടി രൂപ ആവശ്യമുണ്ട്. ഇതിൽ 1.29 കോടി രൂപ നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് 1 കോടി എൺപത്തിയാറ് ലക്ഷം രൂപ കൂടി കൊടുക്കേണ്ടിയിരിക്കുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ മുപ്പത്തിനാല് ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നത് 4050-60-051-86-16 എന്ന ശീർഷകത്തിലാണ്. ഡെപ്പോസിറ്റ് വർക്ക് ആയതിനാൽ ബാക്കി അടയ്ക്കേണ്ടതായ ഒരു കോടി എൺപത്തിയാറ് ലക്ഷം രൂപ 4250-00-201-96 എന്ന ശീർഷകത്തിലേക്ക് മാറ്റി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

ലേബർ കോംപ്ലക്സിന്റെ നിർമ്മാണത്തിനായി 2006-2007 വർഷം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 34 ലക്ഷത്തിനുപുറമേ 50 ലക്ഷം രൂപ കൂടി 4250-201-96-01 (P) എന്ന ശീർഷകത്തിൽ ധനകാര്യ വകുപ്പിന്റെ 7747/2008/ഫിൻ. എന്ന ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

കൂടാതെ 2008-2009 മുതൽ 2010-2011 വരെയുള്ള കാലയളവിൽ ലേബർ കോംപ്ലക്സിന്റെ നിർമ്മാണത്തിനും അനുബന്ധ ജോലികൾക്കുമായി 3,13,00,000 രൂപ കൂടി 4250-00-201-96 ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-03-800-94-09—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ് സഹായധനം (പ്ലാൻ)

2006-2007 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ വർഷം പുതുതായി 10 ഗവേഷണ പദ്ധതികൾ തുടങ്ങാൻ ലക്ഷ്യമിട്ടിട്ടുണ്ട്. മാത്രവുമല്ല ഈ വർഷം പരിശീലനത്തിനാവശ്യമായ നവീന ഉപകരണങ്ങൾ വാങ്ങുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിനെല്ലാം കൂടി 40 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 15 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമാണ്. 25 ലക്ഷം രൂപ അധികമായി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനത്തിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ അധികവിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല എന്ന് ധനവകുപ്പ് അറിയിച്ചു. വിഭവശേഷി മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികവിഹിതം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ് എന്നും ധനവകുപ്പ് അറിയിച്ചിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റി III-ന്റെ (ജലസേചനവും വൈദ്യുതിയും)

ഒന്നാമത് റിപ്പോർട്ട് 2006-2007

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുതപദ്ധതികൾ

2801-80-800-99—കേരള സംസ്ഥാന വിദ്യുച്ഛക്തി റെഗുലേറ്ററി കമ്മീഷൻ

ശുപാർശ

ഗവൺമെന്റ് നിർദ്ദേശപ്രകാരം 1-1-2006 മുതൽ എൽ.റ്റി.1 (എ) ഗാർഹിക ഉപഭോക്താക്കൾക്കും കച്ചവട സ്ഥാപനങ്ങൾക്കും എൽ.റ്റി. vii(എ), എൽ.റ്റി. vii(ബി) നിലവിലുള്ള താരിഫിൽ നിന്നും യൂണിറ്റിന് 20 പൈസവീതം കുറവു വരുത്തിയതുമൂലം ഓരോ മാസവും ബോർഡിന് 10 കോടി രൂപയുടെ റവന്യൂ നഷ്ടമാകുന്നു. 2005-2006-ൽ തന്നെ ബോർഡിന്റെ റവന്യൂവിൽ 30 കോടി രൂപയുടെ കുറവുണ്ടായി. ഇത് നികത്തുന്നതിന് 2005-2006-ലെ സപ്ലിമെന്ററി ഗ്രാന്റിൽ തുക വകയിരുത്തിയില്ല എന്നുമാത്രമല്ല, 2006-2007-ൽ ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുള്ള 120 കോടി രൂപയുടെ നഷ്ടം നികത്തുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിനുണ്ടാകുന്ന വരുമാനനഷ്ടം റവന്യൂ ഗ്യാപ്പ് നികത്തുന്നതിനും ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു പോകുന്നതിനും ആവശ്യമായ തുക ഗ്രാന്റായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടികൾ

2006-2007 വർഷം സബ്സിഡിയൊന്നും അനുവദിച്ച് നൽകിയിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് റവന്യൂ കമ്മി നികത്തുന്നതിന് 99.97 (45.97 + 54) കോടി രൂപ ക്യാഷ് സബ്സിഡി ആയി അനുവദിച്ചുകൊണ്ട് 8-10-2010-ൽ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 24/10/ഊ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും)

രണ്ടാമത് റിപ്പോർട്ട് (2007-2008)

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ശുപാർശ

4250-00-201-96—ലേബർ കമ്മീഷണറുടെ ഓഫീസ് കെട്ടിടം പണിയുന്നതിന്

നിർദ്ദിഷ്ട ലേബർ കോംപ്ലക്സ് പൂർത്തിയാക്കാൻ ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ 2.47 കോടി രൂപ അധിമായി ആവശ്യമാണെന്ന്

സമിതിക്ക് ബോധ്യമായി. ആയതിനാൽ 2.47 കോടി രൂപ കൂടി ടി ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ ലേബർ കോംപ്ലക്സ് നിർമ്മാണത്തിനായി മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപയ്ക്കുപുറമേ 72,24,000 കൂടി അധികമായി അനുവദിച്ചിട്ടുണ്ട് [G.O. (Rt.) 749/08/LBR].

കൂടാതെ 2008-09 മുതൽ 2010-11 വരെ കാലയളവിൽ ലേബർ കോംപ്ലക്സിന്റെ നിർമ്മാണത്തിനും മറ്റ് അനുബന്ധ ജോലികൾക്കുമായി 3,13,00,000 രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230–03–800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്

ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് 2007-2008 സാമ്പത്തികവർഷം 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തപ്രകാരം തുക അനുവദിക്കാൻ കഴിഞ്ഞില്ല എന്നറിയിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III–ന്റെ (ജലസേചനവും വിദ്യുച്ഛക്തിയും)
രണ്ടാമത് റിപ്പോർട്ട് (2007-2008)

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുതപദ്ധതികൾ

2801-80-800-99—കേരള സംസ്ഥാന വിദ്യുച്ഛക്തി റെഗുലേറ്ററി കമ്മീഷൻ

ശുപാർശ

ചില സ്ഥലങ്ങളിൽ വൈദ്യുതി ചാർജ്ജടയ്ക്കുന്നതിന് ഉപഭോക്താക്കൾക്ക് കിലോമീറ്ററുകളോളം യാത്ര ചെയ്യേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാനായി പതിനായിരത്തിലധികം ഉപഭോക്താക്കളുള്ള എല്ലാ പഞ്ചായത്തുകളിലും ഒരു കളക്ഷൻ സെന്ററോ സെക്ഷൻ ഓഫീസോ ആരംഭിക്കണം.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള സെക്ഷൻ ഓഫീസുകളിൽ 25000-ത്തിലധികം ഉപഭോക്താക്കളുള്ള സെക്ഷൻ ഓഫീസുകൾ വിഭജിച്ച്, 24 സ്ഥലങ്ങളിലായി 24 പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് 10-5-2010-ലെ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. (10-5-2010-ലെ ബോർഡ് ഓർഡറിന്റെ പകർപ്പും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന സ്ഥലങ്ങളുടെ പേരുവിവരങ്ങളടങ്ങുന്ന ലിസ്റ്റും ഉള്ളടക്കം ചെയ്യുന്നു).

ശുപാർശ

കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് നൽകാനായി കൃഷി വകുപ്പിന് സർക്കാർ 20 കോടി രൂപ നൽകുന്നുണ്ട്. എന്നാൽ കൃഷി വകുപ്പ് ഈ തുക ബോർഡിന് യഥാസമയം നൽകാറില്ല. ബോർഡ് സബ്സിഡി ഇനത്തിൽ കൃഷി വകുപ്പിനും മറ്റ് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകുന്ന വൈദ്യുതിക്ക് നൽകാനുള്ള തുക അതാത് വകുപ്പുകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും ഏൽപ്പിക്കാതെ സർക്കാർ നേരിട്ട് ബോർഡിന് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

ബോർഡിന് സബ്സിഡി ഇനത്തിൽ ലഭിക്കേണ്ട തുക ബന്ധപ്പെട്ട വകുപ്പ്/മറ്റു സ്ഥാപനങ്ങൾക്ക് നൽകാതെ സർക്കാർ നേരിട്ട് ബോർഡിന് നൽകുന്നത് സംബന്ധിച്ച നിർദ്ദേശം ധനവകുപ്പുമായി കൂടിയാലോചിക്കുകയും ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ട തുക പ്രത്യേകമായി വകയിരുത്തുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. അതുപ്രകാരം സെക്രട്ടേറിയേറ്റിലെ ബന്ധപ്പെട്ട വകുപ്പുകൾക്ക് ഈയിനത്തിൽ തുക പ്രത്യേകം വകയിരുത്താനാവശ്യമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുമുണ്ട്. സ്ഥാപനങ്ങൾ നൽകേണ്ട തുക ഇലക്ട്രിസിറ്റി ബോർഡിന്റെ കണക്കുമായി ഒത്തുനോക്കി അതുപ്രകാരം തുക വകയിരുത്താനാവശ്യമായ നിർദ്ദേശമാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

സബ്ജക്ട് കമ്മിറ്റി III-ന്റെ—(ജലസേചനവും വിദ്യുച്ഛക്തിയും)

മൂന്നാമത് റിപ്പോർട്ട് (2008-2009)

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുതപദ്ധതികൾ

2801-80-800-99—കേരള സംസ്ഥാന വിദ്യുച്ഛക്തി റെഗുലേറ്ററി കമ്മീഷൻ

ശുപാർശ

സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമായി ലഭിക്കാനുള്ള കുടിശ്ശിക 31-12-2007-ൽ 1139.718 കോടി രൂപയാണ്. ഈ കുടിശ്ശിക സമയാസമയങ്ങളിൽ ലഭ്യമാക്കി ബോർഡിന്റെ വരുമാനം വർദ്ധിപ്പിച്ചാൽ അതിന് ആനുപാതികമായി കേന്ദ്രസഹായം ലഭിക്കുമെന്നുള്ളതിനാൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക

സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ തവണ വ്യവസ്ഥകൾ അനുവദിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, പൂട്ടികിടന്നിരുന്നതും 31-12-2008-ന് മുമ്പ് തുറന്നുപ്രവർത്തിച്ചതുമായ എച്ച്.റ്റി./എൽ.റ്റി. വിഭാഗത്തിൽപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ മിനിമം ഡിമാന്റ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കൽ (ഈ ആനുകൂല്യം ലഭ്യമാകാൻ തുറന്നു പ്രവർത്തിക്കേണ്ട അവസാന തീയതി 31-3-2011-ലേക്ക് പിന്നീട് ദീർഘിപ്പിച്ചിട്ടുണ്ട്). അദാലത്തുകൾ, റവന്യൂ റിക്കവറി നടപടികൾ, വൈദ്യുതി വിച്ഛേദിക്കൽ എന്നീ നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കലിന് പലശനിരക്കിൽ താഴെ പറയുന്ന ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട് :

1. തവണ വ്യവസ്ഥയ്ക്ക് (6 തവണ) പലിശ 18%-ൽ നിന്നും 15% ആയി കുറച്ചു.
2. ഒറ്റത്തവണ തീർപ്പാക്കലിന് പലിശ 12%-ൽ നിന്നും 9% ആയി കുറച്ചു.
3. അദാലത്തുകളിൽ തീർപ്പ് കല്പിക്കുന്ന കുടിശ്ശികയ്ക്ക് പലിശ 6% വരെ കുറച്ചു. തവണ വ്യവസ്ഥ (6 തവണ) 1/4 ഭാഗം ആദ്യഗഡു അടയ്ക്കണം.

സബ്ജക്ട് കമ്മിറ്റി VII-ന്റെ (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും) നാലാമത് റിപ്പോർട്ട് (2009-2010)

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ശുപാർശ

2230-01-001-97—ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണം

ലേബർ ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടറൈസേഷൻ, ട്രെയിനിംഗ്, പർച്ചേസ് ഓഫ് ബുക്ക്സ് തുടങ്ങിയ ഇനങ്ങൾക്കാണ് മേൽ തുക വകകൊള്ളിച്ചിട്ടുള്ളത്. ജില്ലാ ഓഫീസുകൾ ഫർണിഷ് ചെയ്യുന്നതിനുള്ള നടപടികൾ ഈ വർഷം നടപ്പിലാക്കേണ്ടതുണ്ട്. 101 അസിസ്റ്റന്റ് ലേബർ ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിന്റെ ഭാഗമായി 2007-08-ൽ 10 സ്ഥലങ്ങളിൽ കമ്പ്യൂട്ടർ വാങ്ങിനൽകിയിട്ടുണ്ട്. ഘട്ടംഘട്ടമായി കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്നതിന് ഇനിയും തുക ആവശ്യമായതിനാൽ 30 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണത്തിനായി 2230-01-001-97 ശീർഷകത്തിൽ 76,00,000 രൂപ 2230-01-800-98-കേരള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ വകകൊള്ളിച്ചിട്ടുള്ള തുകയിൽ നിന്നും പുനഃക്രമീകരണത്തിലൂടെ അനുവദിക്കണമെന്നുള്ള ലേബർ കമ്മീഷണറുടെ അഭ്യർത്ഥനപ്രകാരം ധനകാര്യവകുപ്പ് ജി.ഒ. (ആർറ്റി.) 2367/2010/ഫിൻ. തീയതി 30-3-2010 പ്രകാരം 87,00,000 രൂപ പുനഃക്രമീകരണത്തിലൂടെ അനുവദിച്ചിട്ടുണ്ട്. അതിൽ 66 ലക്ഷം രൂപ 2230-01-001-97 ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണത്തിനും 21 ലക്ഷം രൂപ “2230-01-103-51—Flagship programme on Social Security” എന്ന ശീർഷകത്തിലുമാണ് അനുവദിച്ചിരുന്നത്. ഇതിൽ 2230-01-001-97 ശീർഷകത്തിൽ നിന്നും 58,40,168 രൂപ ചെലവഴിക്കുകയും ബാക്കി 6,59,832 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

ശുപാർശ

2230-01-101-98—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക കമ്മിറ്റി

ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന വ്യവസായബന്ധ സമിതികളിൽ അംഗങ്ങളുടെ യാത്രാച്ചെലവുകൾക്കും ഓഫീസ് ചെലവുകൾക്കും വേണ്ടിയുള്ള തുകയാണ് ഈശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരക്കുന്നത്. യാത്രാ ചെലവിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിന്റെ 14-2-2011-ലെ ജി.ഒ. (ആർറ്റി.) 1151/2011/ഫിൻ. പ്രകാരം 4,72,000 രൂപ യാത്രാകൂലി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. അതിൽ ഐ.ആർ.സി. അംഗങ്ങളുടെ 2011 മാർച്ച് 31 വരെയുള്ള ബില്ലുകൾക്ക് 3,57,482 രൂപ ചെലവഴിച്ചു.

ശുപാർശ

2230–01–102–99—വ്യവസായശാല ഡയറക്ടറാഫീസ്

(21) മോട്ടോർ വാഹനങ്ങൾ

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ 9 വാഹനങ്ങളിൽ 4 എണ്ണം കണ്ടം ചെയ്യുകയും പകരം 2 എണ്ണം വാങ്ങുകയും ചെയ്തിട്ടുണ്ട്. PWD–യുടെ നിർദ്ദേശപ്രകാരം രണ്ടെണ്ണം കൂടി കണ്ടം ചെയ്യുവാൻ നടപടി തുടങ്ങിക്കഴിഞ്ഞു. ഫാക്ടറികളിൽ പരിശോധന നടത്തി സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും തദ്വാരാ വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുവാനും 4 വാഹനങ്ങൾ കൂടി ആവശ്യമാണ്. ഇവ വാങ്ങുന്നതിനായി 24 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വകുപ്പിൽ നിലവിലുള്ള 8 വാഹനങ്ങളിൽ, കണ്ടം ചെയ്യേണ്ടതായ വാഹനങ്ങൾ ഉടനടി കണ്ടം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചശേഷം മാത്രമേ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി തുക വകയിരുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുവാൻ കഴിയൂ എന്ന് ധനവകുപ്പ് അഭിപ്രായപ്പെട്ടു. കാഷ്യു സ്പെഷ്യൽ ഓഫീസിൽ നിന്നും തിരികെ ലഭിച്ച ജീപ്പ് ഉൾപ്പെടെ ഇപ്പോൾ നിലവിലുള്ള 8 (എട്ട്) വാഹനങ്ങളിൽ 5 (അഞ്ച്) എണ്ണം കണ്ടം ചെയ്യുവാൻ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുകയാണെന്നും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ടം ചെയ്യാൻ ശുപാർശ ചെയ്തിട്ടുള്ള വാഹനങ്ങളുടെ വിശദമായ വിവരങ്ങളും [അതായത് make, model, Hp, distance covered so far, expenditure towards repair charges for the past 3 (three) years (year wise details), expenditure towards POL charges for the past 3 (three) years etc.] പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള അസ്സൽ സർവ്വേ റിപ്പോർട്ടും കണ്ടം ചെയ്യുന്നതിനുള്ള പ്രൊപ്പോസലും സഹിതം ഫയൽ അയച്ചുതന്നതിനുശേഷം ഭരണാനുമതി നൽകാമോയെന്നും ശേഷം തുക വകയിരുത്തുന്നത് സംബന്ധിച്ചും തീരുമാനമെടുക്കുമെന്നും ധനകാര്യവകുപ്പ് അറിയിച്ചു. മേൽ സാഹചര്യത്തിൽ സമിതി നിർദ്ദേശിച്ച പ്രകാരം അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശുപാർശ</u>

2230–01–103–62—<u>പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി</u>

(10). സംഭാവന

തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം (പഠനോപകരണങ്ങൾ വാങ്ങുന്നതിനും മറ്റും) ഉന്നതവിദ്യാഭ്യാസം, ആരോഗ്യം എന്നീ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനുള്ള തുകയാണ് ഈ ശീർഷകത്തിൽ അനുവദിക്കുന്നത്. ഇത് ഒരു സാമൂഹ്യ സുരക്ഷാ ക്ഷേമ പദ്ധതിയായതിനാൽ മതിയായ വിഹിതം ഈ പദ്ധതിക്കായി വകയിരുത്തേണ്ടതാണ്. വർഷംതോറും ഈ പദ്ധതിക്കായി 3 കോടി രൂപ വേണ്ടിവരും. എന്നാൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. ആയതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികളുടെ 2009-10 വർഷത്തെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 3,98,40,000 രൂപയുടേയും ഇടുക്കി ബോണാമി എസ്റ്റേറ്റിലെ ലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2,60,896 രൂപയുടേയും പുതുക്കിയ ഭരണാനുമതി (ആകെ 4,01,00,896 രൂപ) 20–12–2011-ലെ സ.ഉ. (എംഎസ്.) നമ്പർ. 162/2010/തൊഴിൽ പ്രകാരം സർക്കാർ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ 4,01,00,000 രൂപ "2230-01-103-62-10" എന്ന കണക്ക് ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻവഴി 12–1–2011–ലെ G.O. (Rt.) No. 268/11/Fin. പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2230–01–103–53—എസ്റ്റേറ്റ് തൊഴിലാളികൾക്കുള്ള ആശ്വാസനിധി

വരൾച്ച, വെള്ളപ്പൊക്കം, പകർച്ചവ്യാധി തുടങ്ങിയ ദുരിതങ്ങൾ നേരിടുമ്പോൾ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സഹായമായി ഓരോ തൊഴിലാളിക്കും 1,000 രൂപ വീതം നൽകുന്ന ഒരു പദ്ധതിയാണിത്. മുൻ കാലങ്ങളിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനും ഇനി ലഭിക്കാവുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുംവേണ്ടി ഈ ഇനത്തിൽ 45 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വരൾച്ച, വെള്ളപ്പൊക്കം, പകർച്ചവ്യാധി തുടങ്ങിയ ദുരിതങ്ങൾ നേരിടുമ്പോൾ സർക്കാർ സഹായമായി നൽകുന്ന കേരള എസ്റ്റേറ്റ് വർക്കേഴ്സ് ആശ്വാസ പദ്ധതി പ്രകാരം 2009–10–ൽ 5 ലക്ഷം രൂപയും 2010-11–ൽ 10 ലക്ഷം രൂപയും ആനുകൂല്യവിതരണം നടത്തിയിട്ടുണ്ടെന്നും മുൻകാലങ്ങളിലുണ്ടായതുപോലെയുള്ള ആവശ്യകത ഈ വർഷം ഉണ്ടായിട്ടില്ലാത്തതിനാൽ ഈയിനത്തിൽ അധിക തുക ആവശ്യമില്ല എന്ന് ലേബർ കമ്മീഷണർ സർക്കാരിനെ അറിയിച്ചിട്ടുണ്ട് എന്നുമുള്ള വിവരം അറിയിക്കുന്നു.

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാരുടെ പരിശീലനവും

ശുപാർശ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായി നടന്നുവരികയാണ്. ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി 32 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റും കമ്പ്യൂട്ടർവൽക്കരിച്ചു. 2008-09 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 15 ലക്ഷം രൂപ ഉപയോഗിച്ച് കാസർഗോഡ് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇപ്പോൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആകെയുള്ള 84 എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇപ്പോൾ 43 ഇടങ്ങളിലാണ് കമ്പ്യൂട്ടർവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. 2009-10 കാലയളവിൽ ബാക്കിയുള്ള മുഴുവൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കൂടി കമ്പ്യൂട്ടർവൽക്കരിക്കുന്നതിലേയ്ക്ക് 450 ലക്ഷം രൂപയും എംപ്ളോയ്മെന്റ് ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് 73 ലക്ഷം രൂപയും വകുപ്പിനുകീഴിലുള്ള മേഖല എംപ്ളോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകൾ യു.ഇ.ഐ. & ജി.ബി.കൾ എന്നിവ കൂടി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് 6 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 529 ലക്ഷം രൂപ ആവശ്യമാണ്. 2009-10–ലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ ആകെ 30 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അവശേഷിക്കുന്ന 499 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം 2009-10 വർഷം എംപ്ളോയ്മെന്റ് വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷനായി അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

2230-03-101-90—(പുതിയ ശീർഷകം)

റീജിയണൽ ഡയറക്ടറേറ്റ്, എറണാകുളം

2008-09 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതിയ 13 ഐ.ടി.ഐ.കൾ സർക്കാർ അനുവദിക്കുകയും ആയവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം 7 ഐ.ടി.ഐ.കൾ 1–ാം നിര ഐ.ടി.ഐ.കളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ 10 ഐ.ടി.ഐ.കൾ കൂടി ആരംഭിക്കുമെന്ന് 2009-10 ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഖണ്ഡിക 46)

ഇക്കാരണത്താൽ ഡയറക്ടറേറ്റിലെ ജോലിഭാരം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിന് മധ്യകേരളത്തിൽ എറണാകുളത്ത് ഒരു മേഖലാ കേന്ദ്രം സ്ഥാപിക്കുന്നത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ 2330-03-1-1-90 എന്ന ഒരു ശീർഷകം ഉണ്ടാക്കി ഈ ഇനത്തിൽ 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 46 & 47)

സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ

2230-03-101-87—ഐ.ടി.ഐ.കളുടെ നവീകരണം

സംസ്ഥാനത്തെ ഐ.ടി.ഐ.കളുടെ നവീകരണത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 23 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ

2230-03-101-80—ഐ.ടി.ഐ.കൾ സ്ഥാപിക്കൽ

സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ തുടങ്ങുന്നതിനും ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ജീവനക്കാരുടെ ശമ്പളം മുതലായവ നൽകുന്ന

തിനും അതോടൊപ്പംതന്നെ 2008-09 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 13 ഐ.ടി.ഐ.കൾക്ക് വേണ്ടിയുള്ള യന്ത്രസാധന സംഭരണം, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി 5,297 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2009–10–ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ആവശ്യപ്പെട്ടിരുന്ന 5,297 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

2009-10-ലെ ആദ്യ എസ്.ഡി.ജി. പ്രകാരം 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും അഡീഷണൽ ആതറൈസേഷൻവഴി 68,12,000 രൂപയും ഫൈനൽ എസ്.ജി.ഡി. (2009-10) പ്രകാരം 2,56,44,000 രൂപയും ആകെ 3,24,57,000 രൂപ 2230-03-101-80-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

2230-03-101-79—കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്

സംസ്ഥാനത്തെ പരമ്പരാഗത കരകൗശല മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായിട്ടുള്ളതാണ് കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്. തകർച്ചയുടെ വക്കിൽ എത്തിനിൽക്കുന്ന ഈ മേഖലയെ രക്ഷിക്കുന്നതിനായി പദ്ധതി കൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ആയതിനാൽ 300 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുക ആവശ്യമായിവന്നില്ല.

ശുപാർശ

2230-03-101-78—വയനാട് ജില്ലയിൽ പുതിയ ഐ.ടി.ഐ. തുടങ്ങുന്നതിന് 100% കേന്ദ്ര സഹായം

11-ാം പഞ്ചവത്സര പദ്ധതിയിൻകീഴിൽ 100% കേന്ദ്ര സഹായത്തോടെ വയനാട് ജില്ലയിൽ ആരംഭിക്കുന്ന ഐ.ടി.ഐ.യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

വയനാട് ജില്ലയിൽ ഐ.ടി.ഐ. സ്ഥാപിക്കാൻ സ്ഥലം അനുവദിച്ചു ലഭിക്കാത്തതിനാൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ അധികം തുക ആവശ്യ മായിവന്നില്ല.

ശുപാർശ

2230-03-800-99—പ്രത്യേക തൊഴിൽ പരിശീലനം

വ്യവസായ ശാലകളിൽ പ്രവർത്തി പരിചയം ഉള്ളവർക്കും ഐ.ടി.ഐ. പാസ്സായ വർക്കും ആധുനിക ഉപകരണങ്ങളിൽ പരിശീലനം നൽകി പ്രാപ്തരാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പരിശീലനത്തിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതി നായി 45 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

അധികം തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ

2230-03-800-87—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റാഫ് ട്രെയിനിംഗ് ആന്റ് ടെക്നോളജി എന്ന ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയിലും ഡി.ജി.ഇ.റ്റി. വ്യവസ്ഥകൾക്ക് അനുസൃതമായി പരിഷ്ക്കരിച്ച പാഠ്യപദ്ധതിയിന്മേലും പരിശീലനം നൽകുക എന്നതാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനത്തി നാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും മറ്റു ചെലവുകൾക്കുമായി 765 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

അധികം തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ

2230-03-800-86—ആസൂത്രണ നിരീക്ഷണ വിഭാഗം നവീകരണവും കമ്പ്യൂട്ടർവത്കരണവും

കമ്പ്യൂട്ടറും മറ്റ് അനുബന്ധ സൗകര്യങ്ങളുമുൾപ്പെടെ പരിശീലനം ലഭിച്ച ജീവന ക്കാരുടെ സഹായത്തോടെ ഡയറക്ടറേറ്റിലെ ആസൂത്രണ നിരീക്ഷണ വിഭാഗം ആധുനീകരിച്ച് ശക്തിപ്പെടുത്തുക, ഐ.ടി. വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കി അവയുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുക മുതലായവയ്ക്കാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. ഇതിനായി അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ കൂടി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

അധികം തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

സബ്ജക്ട് കമ്മിറ്റി III-ന്റെ (ജലസേചനവും വിദ്യുച്ഛക്തിയും)

നാലാമത് റിപ്പോർട്ട് (2009-2010)

## ധനാഭ്യർത്ഥന XXXIX—വൈദ്യുത പദ്ധതികൾ

ശുപാർശ

14-10-2008-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർറ്റി.) നമ്പർ 8154/2008/ഫിൻ. പ്രകാരം കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന് വിവിധ ഹെഡ്ഡുകളി ലായി അനുവദിച്ച തുക 2801-80-800-99-09 ഗ്രാന്റ്-ഇൻ-എയ്ഡ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റുകയുണ്ടായി.

കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, യാത്രാചെലവ് കമ്മീഷന് ലഭിക്കുന്ന പെറ്റീഷനുകളിന്മേൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച് തെളിവെടുപ്പ് നടത്തുന്നതിന് വേണ്ടിവരുന്ന ചെലവ്, ഓഫീസ് കെട്ടിടത്തിന്റേ നടത്തിപ്പിന് വേണ്ടിവരുന്ന പൊതു ചെലവിന് കമ്മീഷൻ നൽകുന്ന പ്രതിമാസ വിഹിതം, വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, വെബ്സൈറ്റ്, ഇന്റർനെറ്റ്, വാഹനങ്ങളുടെ ഇന്ധന ചെലവ് തുടങ്ങിയ ഓഫീസ് ചെലവുകൾക്കായി ഈ ഹെഡിൽ അനുവദിച്ചിട്ടുള്ള 62,22,000 രൂപ അപര്യാപ്തമായ തിനാൽ ഈയിനത്തിൽ ശീർഷകത്തിൽ 37,78,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12 & 13)

സർക്കാർ സ്വീകരിച്ച നടപടി

കെ.എസ്.ഇ.ആർ.സി.യുമായി ബന്ധപ്പെട്ട 12-ഉം 13-ഉം ഖണ്ഡികകളിൽ കെ.എസ്.ഇ.ആർ.സിക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്ത 37,78,000 രൂപയുടെ സ്ഥാനത്ത് സ.ഉ. (സാധാ) 58/2010 തീയതി 30-3-2010 പ്രകാരം കെ.എസ്.ഇ.ആർ.സിക്ക് 15 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്**

ശുപാർശ

സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യൂ ഗ്യാപ്പിലേക്ക് 2009-10-ലെ ബഡ്ജറ്റിൽ സബ്സിഡിയൊന്നും അനുവദിച്ചിട്ടില്ല. ബോർഡിന്റെ ARRERC (Aggregate Revenue Requirement and Expected Revenue from Charges) അംഗീകരിച്ചുകൊണ്ട് സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ബോർഡിന് 2009-10 വർഷത്തിൽ 335.4 കോടി രൂപയുടെ റവന്യൂ ഗ്യാപ്പ് വരുമെന്ന് കണ്ടെത്തിയി ട്ടുണ്ട്. താരിഫിൽ ഈ റവന്യൂ ഗ്യാപ്പ് പ്രതിഫലിക്കാതിരിക്കുന്നതിനും താരിഫ് വർദ്ധനവ് ഒഴിവാക്കുന്നതിനുമായി വൈദ്യുതി ബോർഡിന് 300 കോടി രൂപ സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

2009-10 വർഷം സബ്സിഡി അനുവദിച്ചു നൽകിയിട്ടില്ല. എന്നാൽ ഇലക്ട്രിസിറ്റി ബോർഡിന് റവന്യൂ കമ്മി നികത്തുന്നതിന് 99.97 (45.97= 54) കോടി രൂപ ക്യാഷ് സബ്സിഡിയായി അനുവദിച്ചുകൊണ്ട് 8-10-2010-ന് സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 24/10/ഊ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും)

അഞ്ചാമത് റിപ്പോർട്ട് (2010-2011)

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ശുപാർശ

2210-01-102-98—ഡിസ്പെൻസറികൾ

ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക സംസ്ഥാനത്തെ 12 ഇ.എസ്.ഐ. ആശുപത്രികളുടേയും 137 ഡിസ്പെൻസറികളുടേയും പ്രവർത്തനത്തിന് വേണ്ടിയുള്ളതാണ്. ഇതിൽ 34 (1) വെള്ളക്കരം എന്ന ഇനത്തിൽ 30 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 15,85,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. വെള്ളക്കരത്തിന് ഉണ്ടായ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ഈ തുക അപര്യാപ്തമാണ്. അതിനാൽ ആവശ്യപ്പെട്ട 30 ലക്ഷം രൂപ പൂർണ്ണമായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

വെള്ളക്കരം എന്ന ഇനത്തിൽ 10,00,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന 13-10-2010-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 7511/2010/ഫിൻ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

2210-102-96—ഇ.എസ്.ഐ.യുടെകീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്

ശുപാർശ

2210-102-96 (01) ഡ്രഗ്സ് ആന്റ് ഡ്രെസ്സിംഗ്സ് എന്ന ഉപശീർഷകത്തിൽ 1,50,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1,32,00,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ബാക്കി തുകയായ 18,00,000 രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ പ്രകാരം ഡ്രഗ്സ് & ഡ്രെസ്സിംഗ്സ് എന്ന ഉപശീർഷകത്തിൽ കൂടുതൽ തുക കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

2210-01-102-96(02)—ഡയറ്റ് എന്ന ഇനത്തിൽ ഈ സാമ്പത്തിക വർഷം ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിലും സാധനം സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ എടുക്കുവാൻ കരാറു

കാരുടെ ലഭ്യമല്ലാത്ത സാഹചര്യത്തിലും പ്രാദേശികമായി സാധനങ്ങൾ വാങ്ങി ഡയറ്റ് നടത്തികൊണ്ടുപോകുവാൻ 1,80,00,000 രൂപ ആവശ്യമാണ്. ആയതിനാൽ 1,20,00,000 രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ പ്രകാരം 'ഡയറ്റ്' എന്ന ഇനത്തിൽ കൂടുതൽ തുക കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

2210-01-102-96 (04) എന്ന ഇനത്തിൽ ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളുടെ ചികിത്സയുടെ ചെലവ് റീഇംബേഴ്സ് ചെയ്യുന്നതിന് 4,52,93,000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ 6,58,82,000 രൂപ ആവശ്യമാണ്. ഒരു ബഡ്ജറ്റ് കാലഘട്ടത്തിൽ ഉണ്ടാകുന്ന ഐ.പി.കളുടെ വർദ്ധനയുടെ ചെലവും ഈ ഇനത്തിൽ നിന്നു തന്നെയാണ് വഹിക്കുന്നത്. 2008-09 കാലഘട്ടത്തിൽ 5.5 ലക്ഷം ഐ.പി.കൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2009-10-ൽ 7.75 ലക്ഷം ഐ.പി.കളാണുള്ളത്. ആയതിനാൽ പുതിയ ഐ.പി.കളുടെ ചെലവിനായി ആനുപാതികമായ തുക കണ്ടെത്തേണ്ടതുണ്ട്. ഈ കാരണങ്ങളാൽ 96 (04) എന്ന ഇനത്തിൽ 2,05,89,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളുടെ ചികിത്സയുടെ ചെലവ് റീഇംബേഴ്സ്മെന്റ് ചെയ്യുന്നതിനായി ഈ ഇനത്തിൽ 15,00,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന 13-10-2010-ലെ ജി.ഒ. (ആർറ്റി.) 7511/2010/ഫിൻ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2210-01-102-96 മുളങ്കുന്നത്തുകാവ്, പാലക്കാട് എന്നീ ഇ.എസ്.ഐ. ആശുപത്രികളിലേക്ക് ആംബുലൻസ് വാങ്ങുന്നതിനായി തുക വകയിരുത്തണമെന്ന് 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ 2010-11 സാമ്പത്തിക വർഷവും ഇതേ ആവശ്യം മെഡിക്കൽ ഇൻഷ്വറൻസ് വകുപ്പ് ഉന്നയിച്ചിരിക്കുന്നതിന്റെ വെളിച്ചത്തിൽ പ്രസ്തുത ശുപാർശ നടപ്പിലായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ സാമ്പത്തിക വർഷംതന്നെ മേല്പറഞ്ഞ സ്ഥലങ്ങളിലേക്ക് ആംബുലൻസ് വാങ്ങുന്നതിന് 96 (05) എന്ന ഇനത്തിൽ 12 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

മുളങ്കുന്നത്തുകാവ്, പാലക്കാട് എന്നീ ഇ.എസ്.ഐ. ആശുപത്രികളിൽ ഡ്രൈവറുടെ തസ്തിക അനുവദിച്ചിട്ടില്ല. പ്രസ്തുത തസ്തിക അനുവദിച്ചാൽ മാത്രമേ ആംബുലൻസ് വാങ്ങുന്നതിനായി തുക വകയിരുത്താനാകൂ.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ശുപാർശ

2230-01-01-97—ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണം

ലേബർ കമ്മീഷണറേറ്റിലെ വിവിധ ആഫീസുകളിൽ ഘട്ടം ഘട്ടമായി കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിച്ചുവരികയാണ്. കമ്പ്യൂട്ടറൈസേഷൻ പ്രവർത്തികൾ പൂർത്തീകരണത്തിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപയ്ക്ക് പുറമേ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം അധികതുക അനുവദിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല. അത്യാവശ്യ സന്ദർഭങ്ങളിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശുപാർശ

2230-01-103-96—കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം

കേരള കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം തൊഴിലുടമകളുടെ അംശദാന വിഹിതത്തിന് തുല്യമായ തുക സർക്കാരിൽ നിന്ന് അംശദാനമായി നിശ്ചയിച്ചിട്ടുണ്ട്. 2009-2010-ൽ ബജറ്റ് വിഹിതമായി 4,30,00,000 രൂപയും അഡീഷണൽ ഓതറൈസേഷനിലൂടെ 3,50,00,000 രൂപയും ഉൾപ്പെടെ ആകെ 7,80,00,000 രൂപ അനുവദിച്ചിരുന്നു. 2010-11-ൽ 4,73,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷേമപെൻഷനുകൾ 300 രൂപയായി വർദ്ധിപ്പിക്കുമെന്ന് 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകേണ്ടി വരുന്ന സാഹചര്യത്തിൽ ഈ വർഷം അനുവദിച്ചിരിക്കുന്ന 4,73,00,000 രൂപ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 10 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് വകയിരുത്തിയിരുന്ന 4,73,00,000 രൂപ

അനുവദിച്ചതിനുപുറമെ അഡീഷണൽ ആതറൈസേഷൻ വഴി 10-8-2010-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1404/2010/തൊഴിൽ പ്രകാരം 7.77 കോടി രൂപയും 16-8-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1430/2010/തൊഴിൽ പ്രകാരം 3.23 കോടി രൂപയും (ആകെ 11 കോടി രൂപ) അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-103-94—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

മരംകയറ്റത്തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ, ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. 18-10-2007-ലെ സ.ഉ. (എംഎസ്.) 138/07/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം മരംകയറ്റ തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളികളുടെ ആശ്രിതർക്ക് 50,000 രൂപയും സ്ഥായിയായ അംഗവൈകല്യവും സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകി വരുന്നു. 2009-10 സാമ്പത്തികവർഷം ഈ ഇനത്തിൽ 70 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഈ തുക 2009 ആഗസ്റ്റോടുകൂടി കൊടുത്തു തീർത്തു. ഈ തുക കൊണ്ട് 2009 മേയ് മാസം വരെ പാസ്സാക്കിയ അപേക്ഷകരുടെ ആനുകൂല്യം മാത്രമെ കൊടുത്തു തീർക്കുവാൻ കഴിഞ്ഞുള്ളു. തുടർന്നുള്ള 10 മാസങ്ങളിലായി ജില്ലാ ലേബർ ഓഫീസർമാർ പാസ്സാക്കിയിട്ടുള്ള 276 അപേക്ഷകളിൽ ആനുകൂല്യം കൊടുക്കുന്നതിന് സാധിച്ചിട്ടില്ല. പ്രസ്തുത അപേക്ഷകളിൽ ആനുകൂല്യം കൊടുത്തു തീർക്കുന്നതിനായി 1,12,50,000 രൂപ ആവശ്യമായിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 77,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക 2009-10-ലെ കുടിശ്ശിക കൊടുത്തു തീർക്കുവാൻ തന്നെ കഴിയുകയില്ല. ഈ സാഹചര്യത്തിൽ 2 കോടി രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

മരംകയറ്റ തൊഴിലാളികൾക്ക് എക്സ്-ഗ്രേഷ്യ സാമ്പത്തിക സഹായം അനുവദിക്കപ്പെട്ടിട്ടുള്ള ഉത്തരവനുസരിച്ച്, സാമ്പത്തികസഹായം നൽകുന്നതിനായി ഒരു കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ വലിയ സംഖ്യ ധനഃപുനർവിനിയോഗം വഴി ലഭ്യമാക്കുന്നതിനുള്ള നീക്കിയിരുപ്പ് '2230-01' ശീർഷകത്തിൽ ഇല്ലെന്നും ആയതിനാൽ XXIV-ാം ഡിമാന്റിലുൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ശീർഷകത്തിൽ നിന്നും ധനഃപുനർവിനിയോഗത്തിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. ആയതിനാൽ ഈ തുക XXIV-ാം ഡിമാന്റിലുൾപ്പെട്ടിട്ടുള്ള 2230-01' ശീർഷകത്തിൽ അല്ലാതെ മറ്റേതെങ്കിലും ശീർഷകത്തിൽ നിന്നും ധനഃപുനർവിനിയോഗത്തിലൂടെ ലഭ്യമാക്കുന്നതിന് തൊഴിലും പുനരധിവാസവും (സി) വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഒരു കോടി രൂപ ധനഃപുനർവിനിയോഗം ചെയ്ത്, ആയതിന്മേൽ ഉത്തരവ് പുറപ്പെടുവിച്ച് 14 ജില്ലാ

ലേബർ ഓഫീസുകളിലും അലോട്ട്മെന്റ് എത്തിച്ച് തുക പിൻവലിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 2010-11 വർഷം ഈ വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കേണ്ടതില്ലെന്ന ലേബർ കമ്മീഷണറുടെ അഭിപ്രായം കണക്കിലെടുത്ത് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത (ശുപാർശ 27) രണ്ട് കോടി രൂപ അനുവദിച്ചിട്ടില്ല.

ശുപാർശ

1989-ലെ കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം കൈത്തറി ത്തൊഴിലാളികളും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും വർഷം അംശദാനമായി നൽകിയ തുകയുടെ ഇരട്ടിക്ക് തുല്യമായ തുക വർഷംതോറും സർക്കാർ ഈ നിധിയിലേക്ക് അംശദാനമായി നൽകേണ്ടതുണ്ട്. 2009-10 സാമ്പത്തിക വർഷം കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 3,92,34,500 രൂപയാണ് നൽകിയത്. മുൻ വർഷങ്ങളിൽ സർക്കാർ നൽകിയ അംശദാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2010-11-ലേക്ക് അനുവദിച്ച 25,00,000 രൂപ അപര്യാപ്തമാണ്. ക്ഷേമ പെൻഷനുകൾ 50 രൂപ കണ്ട് വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ 4,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ "2230-01-103-92-കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമപദ്ധതി" ഹെഡിൽ അനുവദിച്ച 25,00,000 രൂപാ 24-7-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1300/10/തൊഴിൽ പ്രകാരം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ വിതരണം നടത്തുന്നതിനായി അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ 12-8-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1416/2010/തൊഴിൽ പ്രകാരം ബോർഡിൽ സെപ്റ്റംബർ 2010 വരെയുള്ള പെൻഷൻ വിതരണത്തിനായി 1,73,45,000 രൂപയും 28-2-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 354/2011/തൊഴിൽ പ്രകാരം ബോർഡിൽ മാർച്ച് 2011 വരെയുള്ള പെൻഷൻ വിതരണത്തിനായി 2,03,18,000 രൂപയും അനുവദിച്ചിരുന്നു. ബോർഡിന് "2230-01-103-92-10" ഹെഡിൽ അനുവദി ച്ചിരുന്ന 25,00,000 രൂപയ്ക്ക് പുറമെ ബോർഡിൽ നിന്നും പെൻഷൻ വിതരണത്തി നായി ആവശ്യപ്പെട്ടിരുന്ന മുഴുവൻ തുകയായ 3,76,63,000 രൂപാ കൂടി (Rs.1,73,45,000 + Rs.2,03,18,000) അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-103-85—അസംഘടിത തൊഴിലാളികൾക്കുള്ള സഹായം

ബാലവേല നിർമ്മാർജ്ജനത്തിനുള്ള ബോധവൽക്കരണം അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണം, ആരോഗ്യരംഗങ്ങളിൽ അവർക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കാൻ, അസംഘടിത മേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ

2,000 രൂപ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കൽ ഇവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളള ഘടകങ്ങൾ. ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 15,00,000 രൂപ ബാലവേല നിർമ്മാർജ്ജനത്തിനും അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ബോധവൽക്കരണ/മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും വേണ്ടിയു ളളതാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ നൽകുവാനുളള സഹായധനം ഈ ശീർഷകത്തിൽ വകകൊളളിച്ചിട്ടില്ല. ഇതിനായി 1,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബാലവേല നിർമ്മാർജ്ജനത്തിനും അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി ബോധവൽക്കരണ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും വേണ്ടി 2010-2011-ൽ 2230-01-103-85 എന്ന ശീർഷകത്തിൽ അനുവദിച്ച 15 ലക്ഷം രൂപയ്ക്കു പുറമേ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ ധനസഹായം നൽകുന്നതിനായി ഒരു കോടി രൂപ അനുവദിക്കണമെന്ന ശുപാർശ പരിഗണിച്ച് രാഷ്ട്രീയ സ്വാസ്ഥ്യബീമാ യോജന നടപ്പിലാക്കുന്നതിനായി 2230-01-800-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുളള 40 കോടി രൂപയിൽ 1 കോടി രൂപ 2230-01-103-85 എന്ന ശീർഷകത്തിലേക്ക് ധനഃപുനർവിനിയോഗം ചെയ്യുന്ന കാര്യം ആസൂത്രണ സാമ്പത്തികകാര്യവും, ധനകാര്യവും എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധിച്ചിരുന്നു. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിക്കുവേണ്ടി വകയിരുത്തുന്ന കേന്ദ്ര വിഹിതത്തിൽ നിന്നും സംസ്ഥാന പദ്ധതിക്കുവേണ്ടി തുക വകമാറാൻ നിർവ്വാഹമില്ലാത്തതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം ഒരുകോടി രൂപ അധികമായി 2010-2011 ബഡ്ജറ്റിൽ വകയിരുത്താൻ സാധിച്ചിട്ടില്ല.

<u>ശുപാർശ</u>

2230-01-103-79 കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്.

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 20 ലക്ഷം രൂപയ്ക്ക് പുറമേ 30 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2-2-2011 ലെ സ.ഉ. (സാധാ)188/2011/തൊഴിൽ പ്രകാരം 2010-11 സാമ്പത്തിക വർഷം കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗ്രാന്റിനത്തിൽ 4.80 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-103-78—1-4-1997-ന് 60 വയസ്സു തികയുന്ന ചുരുട്ടു തൊഴിലാളികൾക്കു പെൻഷൻ നൽകുന്നതിന്.

വിഹിതം : 6,00,000 രൂപ (നോൺ പ്ലാൻ)

എല്ലാ വിഭാഗം പെൻഷനും 300 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 9 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

പുതുക്കിയ നിരക്കിൽ പെൻഷൻ നൽകാൻ ആവശ്യമായ അധികതുക ആനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശുപാർശ

2230-01-103-73—കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി അംശദാനം

2010 മാർച്ച് വരെ പെൻഷൻ വിതരണത്തിനും ബോർഡിലേക്ക് അംശദാനം നൽകുന്നതിനുമായി ആകെ 1,16,15,000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2010-11-ൽ 15,00,000 രൂപ മാത്രമാണ് ഈ ശീർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. ക്ഷേമപെൻഷൻ 50 രൂപ കണ്ട് വർദ്ധിപ്പിച്ച സാഹചര്യത്തിലും മുൻ വർഷങ്ങളിൽ ഈ ശീർഷകത്തിലുണ്ടായിട്ടുള്ള ചെലവും കണക്കിലെടുത്ത് 1,25,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

ബന്ധപ്പെട്ട ക്ഷേമനിധി നിയമത്തിലെ സർക്കാർ അംശദാനം സംബന്ധിച്ച വ്യവസ്ഥകൾക്കനുസൃതമായി അംശദാനം ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ് അംശദാനം

2009-10-ൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് അതിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസാവാനുകൂല്യം തുടങ്ങിയ ബോർഡ് നൽകേണ്ടുന്ന ആനുകൂല്യങ്ങൾ കുടിശ്ശികയായ സാഹചര്യത്തിൽ പ്രത്യേക പാക്കേജിലൂടെ 114.69 കോടി രൂപയുടെ ധനസഹായം സർക്കാർ പ്രഖ്യാപിക്കുകയും 2009-10-ൽ 2 ഗഡുക്കളായി 75 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാക്കേജിന്റെ ഭാഗമായി ഇനി 39.69 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് അതിവർഷാനുകൂല്യ കുടിശ്ശിക നൽകുന്നതിന് അനുവദിച്ചിരുന്ന 114.9 കോടി രൂപയിൽ അവശേഷിച്ചിരുന്ന 39.9 കോടി രൂപ ജൂലൈ 2010-ലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 4-8-2010-ലെ സ.ഉ. (എംഎസ്.) 88/10/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ

2230-01-103-51—സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാനപരിപാടി

സംസ്ഥാനത്തെ എഴുത്തച്ചൻ-ആശാട്ടി തുടങ്ങിയ അസംഘടിത മേഖലയിലെ 60 വയസ് കഴിഞ്ഞ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്ന ഒരു പദ്ധതിയാണത്. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വം കൈക്കൊണ്ട് 10 കൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് 250 രൂപ നിരക്കിൽ പെൻഷൻ നൽകുകയാണ് ചെയ്യുന്നത്. 2010-11-ൽ 1,00,00,000 രൂപ ഇതിനായി വകകൊള്ളിച്ചിട്ടുണ്ടെങ്കിലും ബാദ്ധ്യത മുഴുവൻ കൊടുത്തു തീർക്കുന്നതിനും വർദ്ധിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനുമായി 3,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് 3/2011 വരെയുള്ള പെൻഷൻ നൽകുന്നതിന് അധികമായി വേണ്ടി വരുന്ന തുക Reappropriation വഴി കണ്ടെത്താൻ സാധിക്കാത്തതിനാൽ സമിതി ശുപാർശ ചെയ്ത 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്താൻ സാധിച്ചില്ല.

ശുപാർശ

2230-01-103-35—കേരള ചുമട്ടുതൊഴിലാളി (ചിതറിക്കിടക്കുന്ന വിഭാഗം) ക്ഷേമ പദ്ധതി

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതിയുടെ ചെലവിനത്തിനുള്ളതാണ് ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക. 2009-10-ൽ ഈ ശീർഷകത്തിൽ 1,28,47,000 രൂപ അനുവദിച്ചിരുന്നു. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം 2009-10-ൽ 91,20,000 രൂപ കൂടി ആവശ്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 2010-11-ലെ ബഡ്ജറ്റിൽ 1,000 രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 2 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിക്കുള്ള പ്രത്യേക ധനസഹായമായി, 2230-01-103-35-10 (നോൺ പ്ലാൻ) ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന രണ്ടര കോടി രൂപ 21-8-2010-ലെ ജി.ഒ. (ആർറ്റി.) നമ്പർ 6399/10/ഫിൻ. പ്രകാരം കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് അനുവദിച്ചു.

ശുപാർശ

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചതും, ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്താത്തതുമായ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ടെലഫോൺ കണക്ഷനും, ഇന്റർനെറ്റ് കണക്ഷനും എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ ടെലഫോൺ ചാർജ്ജ് ഇനത്തിൽ 18 ലക്ഷം രൂപയുടെ ചെലവ് കണക്കാക്കിയെങ്കിലും 6.50 ലക്ഷം രൂപ മാത്രമെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളൂ. അതുപോലെതന്നെ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുള്ള ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസിനായി 5 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 3 ലക്ഷം രൂപ മാത്രമെ അനുവദിച്ചതായി കാണുന്നുള്ളൂ. ആയതിനാൽ 2230-02-001-99-05-(3) "ടെലഫോൺ ചെലവ്" എന്ന ഉപശീർഷകത്തിൽ 11.5 ലക്ഷം രൂപയും (99)-'വിവരസാങ്കേതികവിദ്യ' എന്ന ഉപശീർഷകത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 13.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിന്മേൽ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ടപ്പോൾ 2010-11 വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയും കഴിഞ്ഞ സ്ഥിതിക്ക് അധിക തുകാനുമതി അനുവദിക്കാൻ നിർവ്വാഹമില്ലായെന്നും അത്യാവശ്യമെങ്കിൽ ആവശ്യമായ ഭരണാനുമതി ഉത്തരവ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പുറപ്പെടുവിച്ചശേഷം ധനപുനഃക്രമീകരണത്തിനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ അഭിപ്രായപ്പെടുകയും ചെയ്യുകയുണ്ടായി. അടിയന്തിരമായി ടെലഫോൺ ചാർജ് ഇനത്തിൽ തുക ആവശ്യമുണ്ടായിരുന്നതിനാൽ റീ അപ്രോപ്രിയേഷൻ മുഖേന ടി ഇനത്തിൽ 5 ലക്ഷം രൂപ കണ്ടെത്തിയിട്ടുള്ളതാണെന്നും ആയതിനാൽ ടി ഇനത്തിൽ തുക ആവശ്യമുള്ളതായി കാണുന്നില്ലായെന്നും, (99) വിവര സാങ്കേതിക വിദ്യ ഉപശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ മുഖേന അധിക തുക വകയിരുത്താൻ കഴിയാത്തതിനാലും, ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലും ടി ഇനത്തിൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നും അറിയിക്കുന്നു.

ശുപാർശ

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാരുടെ പരിശീലനവും

സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന് 6.25 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം (2010-11)-ൽ അനുവദിച്ചിരിക്കുന്ന 40 ലക്ഷം രൂപയ്ക്ക് പുറമെ 585 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്കായി വകയിരുത്തിയിരുന്ന 40 ലക്ഷം രൂപ ഉപയോഗിച്ച് ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ 7 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി എംപ്ലോയ്മെന്റ് ഡയറക്ടർ അിറയിച്ചിട്ടുണ്ട്. അധിക തുക അനുവദിക്കുന്നതിന്മേൽ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സമയം കഴിഞ്ഞ സാഹചര്യത്തിൽ തുക അനുവദിക്കാൻ കഴിയാത്തതിനാൽ റീ അപ്രോപ്രിയേഷൻ മുഖേന ഫണ്ട് കണ്ടെത്തുന്നതിന് ഭരണാനുമതി ഉത്തരവ് പൂർത്തിയാക്കി, റീ അപ്രോപ്രിയേഷൻ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് റീ അപ്രോപ്രിയേഷൻ മുഖേന ഫണ്ട് കണ്ടെത്തുന്നതിനാവശ്യമായ തുക ലഭ്യമല്ലാതിരുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതി(2010-11)യിന്മേൽ മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നുള്ള വിവരം അറിയിക്കുന്നു.

2230-02-198-50—ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

ശുപാർശ

2009-10-ലെ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് ഒക്ടോബർ 2009 വരെയുള്ള തൊഴിൽരഹിത വേതന വിതരണം മാത്രമേ നടത്തിയിട്ടുള്ളൂ. നവംബർ 2009 മുതൽ ഫെബ്രുവരി 2010 വരെയുള്ള വേതനവിതരണത്തിനായി 2010-11ലേക്ക് 66,98,76,480 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 52,11,79,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ തൊഴിൽരഹിത വേതനത്തിന്റെ കുടിശ്ശിക കൊടുക്കുന്നതിനായി 14,86,97,480 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

ഫൈനൽ എസ്.ഡി.ജി. കഴിഞ്ഞതിനാലും, റീ അപ്രോപ്രിയേഷൻ വഴി ഫണ്ട് ലഭ്യമാക്കാൻ കഴിയാത്തതിനാലും, സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള തുക

അധികമായി 31-3-2011-ന് മുമ്പ് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഫയൽ 5-4-2011-ൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ട്.

ശുപാർശ

2230-03-101-87—ഐ.ടി.ഐ.കളുടെ നവീകരണം

സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.റ്റി.യുമായി അഫിലിയേറ്റ് ചെയ്യുന്നതിന് ആവശ്യമായ യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.കളിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുക, കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക, മുൻവർഷം ആരംഭിച്ച 10 ഐ.ടി.ഐ.കളിൽ അധിക യൂണിറ്റുകൾ അനുവദിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ശീർഷക ത്തിൽ വകകൊള്ളിച്ചിരിക്കുന്ന തുകകൊണ്ട് ഉദ്ദേശിക്കുന്നത്. മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രവർത്തനങ്ങൾക്കാണ് ഈ സാമ്പത്തികവർഷം അനുവദിച്ച 13 കോടി രൂപ അപര്യാപ്തമായതിനാൽ വകുപ്പ് ആവശ്യപ്പെട്ട 2525.24 ലക്ഷം രൂപ പൂർണ്ണമായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധികം തുക അനുവദിച്ചിട്ടില്ല. എന്നാൽ പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള 13 കോടി രൂപയിൽ 31-3-2011 വരെ 10,70,51,534 രൂപ ചെലവഴിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ 18.50 കോടി രൂപ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ശുപാർശ

2230-03-101-80—പുതിയ ഐ. ടി. ഐ.കൾ സ്ഥാപിക്കൽ

സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ തുടങ്ങുന്നതിനും ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും, ജീവനക്കാരുടെ ശമ്പളം മുതലായവയ്ക്കുമായി 1900 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1900 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

ഈ ആവശ്യത്തിനായി ആദ്യ ബാച്ച് എസ്.ഡി.ജി. മുഖേന സാധന സംഭരണത്തിനായി 5.27 കോടി രൂപയും ശമ്പളയിനത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപയും അനുവദിച്ചിരുന്നു. ഇതിനുപുറമേ അഡീഷണൽ ആതറൈസേഷൻ മുഖേന ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 1,28,75,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 31-3-2011 വരെ 2,75,95,911 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ

2230-03-101-79—കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്

സംസ്ഥാനത്തെ പരമ്പരാഗത കരകൗശല മേഖലയെ നവഊർജ്ജം നൽകി പുനരുജ്ജീവിപ്പിക്കാൻ സ്ഥാപിതമായിട്ടുള്ള കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണത്തിന് അധികമായി ആവശ്യമുള്ള 108 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

അധികമായി 108 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. അനുവദിച്ച 3 കോടി രൂപ കെ.എസ്.ഐ.ഡി.ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ ടെക്സ്റ്റൈൽസ് ആന്റ് അതർ നാച്വറൽ ഫൈബർ ക്രാഫ്റ്റ്സുമായി ബന്ധപ്പെട്ട പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിലേക്കായി ധനഃപുനർവിനിയോഗംവഴി 2230-03-800-85 എംപ്ലോയ്മെന്റ് ആന്റ് ഫിനിഷിംഗ് സ്കൂൾ ശീർഷകത്തിൽ നിന്നും 79,25,000 രൂപ സ.ഉ. (ആർറ്റി.) നമ്പർ 2685/11/ഫിൻ. തീയതി 31-3-2011 പ്രകാരം അനുവദിക്കുകയും ആയത് കെ.എസ്.ഐ.ഡി.ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2230-03-800-99—പ്രത്യേക തൊഴിൽ പരിശീലനം

വ്യവസായ ശാലകളിൽ പ്രവൃത്തി പരിചയം ഉള്ളവർക്കും ഐ.ടി.ഐ. ഡിപ്ലോമ, ഡിഗ്രി പാസ്സായവർക്കും, ആധുനിക ഉപകരണങ്ങളിൽ പരിശീലനം നൽകി പ്രാപ്തരാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിലേക്കായി 66.03 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേക്കായി 65.03 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

സമിതി അധികമായി 65.03 ലക്ഷം രൂപ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നെങ്കിലും കൂടുതൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ടി ശീർഷകത്തിൽ അനുവദിച്ച 5 ലക്ഷം രൂപയിൽ 31-3-2011 വരെ 4,77,768 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ

2230-03-800-86—ആസൂത്രണ നിരീക്ഷണ വിഭാഗം നവീകരണവും കമ്പ്യൂട്ടർ വൽക്കരണവും

കമ്പ്യൂട്ടറും മറ്റ് ബന്ധപ്പെട്ട സൗകര്യങ്ങളുമുൾപ്പെടെ പരിശീലനം ലഭിച്ച ജീവനക്കാരുടെ സഹായത്തോടെ ഡയറക്ടറേറ്റിലെ ആസൂത്രണ നിരീക്ഷണ

വിഭാഗം ആധുനീകരിച്ച് ശക്തിപ്പെടുത്തുക, ഐ.ടി. വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കി അവയുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുക, ഐ.ടി.ഐ.കളിലെ പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുകൊണ്ട് ഒരു സെൻട്രൽ പ്ലേസ്മെന്റ് സെൽ ആയി പ്രവർത്തിക്കുക എന്നിവയാണ് ആസൂത്രണ നിരീക്ഷണ വിഭാഗത്തിന്റെ ചുമതലകൾ. കമ്പ്യൂട്ടർ സംവിധാനത്തിൽ ഓൺലൈൻവഴി വരവുചെലവുകൾ ശേഖരിക്കുന്നതിനുള്ള സോഫ്റ്റ്വെയർ വികസനത്തിനും മറ്റുമായി ആവശ്യമായ സാധനസാമഗ്രികൾ സംഭരിക്കുന്നതിന് 60 ലക്ഷം രൂപ ആവശ്യപ്പെട്ടു വെങ്കിലും 10 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

## സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായിട്ടില്ല. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 10 ലക്ഷം രൂപയിൽ 31-3-2011 വരെ 3,14,505 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവുകൾ നൽകിയിരുന്നെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ വിതരണം നടത്താതിരുന്നതിനാലാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തത്.

## ശുപാർശ

4250-00-201-96—ലേബർ കമ്മീഷണറുടെ ഓഫീസ്-കെട്ടിടം പണിയുന്നതിന്—
(01) മരാമത്ത് പണികൾ

തിരുവനന്തപുരത്ത് പി.എം.ജി. ജംഗ്ഷനിൽ വികാസ് ഭവൻ ബസ് സ്റ്റാന്റിന് എതിർവശം സർക്കാർ ഭൂമിയിൽ ലേബർ കോംപ്ലക്സ് എന്ന കെട്ടിടം പി.ഡബ്ല്യു.ഡി. നിർമ്മിച്ചുവരികയാണ്. 3,15,52,000 രൂപ ചെലവിൽ നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം, കോൺട്രാക്ട് റദ്ദ് ചെയ്ത് വീണ്ടും ആരംഭിക്കുന്നതിന് നടപടി കൈക്കൊണ്ടിരിക്കുകയാണ്. 2010-11-ൽ ഈ ശീർഷക ത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതുക്കിയ ടെണ്ടറനുസരിച്ച് പണി പൂർത്തിയാക്കുവാൻ ഒരു കോടി അറുപത് ലക്ഷം രൂപ കൂടി വേണ്ടിവരും. ആയതിനാൽ, 1 കോടി 60 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

## സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം വിഹിതം ഗണ്യമായി വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുന്നു.

## പൊതു ശുപാർശ

നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗിച്ച് ഐ.ടി.ഐ.കളിൽ മൂന്നാമത്തെ ഷിഫ്റ്റ് തുടങ്ങുവാനും അതോടൊപ്പം ട്രെയിനിംഗ് കപ്പാസിറ്റി വർദ്ധിപ്പി ക്കുവാനും ഡി.ജി.ഇ. ആന്റ് റ്റി. നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആദ്യഘട്ടം എന്ന നിലയ്ക്ക് സംസ്ഥാനത്തെ 11 ഐ.ടി.ഐ.കളിലെ 23 ട്രേഡുകളിലുള്ള

60 യൂണിറ്റുകളിൽ മൂന്നാമത്തെ ഷിഫ്റ്റ് ആരംഭിക്കുവാൻ പദ്ധതിയുണ്ട്. ഇതിനായി 356.64 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ആവശ്യപ്പെട്ട 356.64 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

അധികമായി 356.64 ലക്ഷം രൂപ ഐ.ടി.ഐ.കളിൽ മൂന്നാം ഷിഫ്റ്റ് ആരംഭിക്കുന്നതിനായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. 2011-12 വർഷത്തെ ബഡ്ജറ്റിൽ ഐ.ടി.ഐ.കളിൽ മൂന്നാം ഷിഫ്റ്റ് ആരംഭിക്കുന്നതിനായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ശുപാർശ

2235-60-102-98—കർഷകത്തൊഴിലാളി പെൻഷൻ

(1) 2235-60-102-98-198—ഗ്രാമപഞ്ചായത്ത്

(2) 2235-60-102-98-192—മുനിസിപ്പാലിറ്റി

(3) 2235-60-102-98-191—കോർപ്പറേഷൻ

തൊഴിൽവകുപ്പ് മുഖേനയാണ് കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകിവരുന്നത്. 2010-11-ലെ ബഡ്ജറ്റിൽ എല്ലാ ക്ഷേമപെൻഷനുകളും 300 രൂപ ആക്കി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിന് അധികമായി ആവശ്യം വരുന്ന 1,21,00,000 രൂപ കൂടി ഈ ശീർഷകങ്ങളിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

ഉപഭോക്താക്കളായ കേരള കർഷക തൊഴിലാളി പെൻഷൻകാരുടെ നിലവിലെ എണ്ണവും പെൻഷന്റെ ഉയർന്ന നിരക്കും മണിയോർഡർ കമ്മീഷനും കണക്കാക്കിയാണ് 1,21,00,000 രൂപ ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ കുറവുകാരണം ടി തുകയുടെ ആവശ്യമില്ലെന്ന് ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

സബ്ജക്ട് കമ്മിറ്റി III (ജലസേചനവും വിദ്യുച്ഛക്തിയും)-ന്റെ
അഞ്ചാമത് റിപ്പോർട്ട് (2010-11)

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുതപദ്ധതികൾ

ശുപാർശ

കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, യാത്രാചെലവ്, കമ്മീഷനു ലഭിക്കുന്ന പെറ്റീഷനുകളിന്മേൽ

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് പൊതു തെളിവെടുപ്പ് നടത്തുന്നതിന് വേണ്ടിവരുന്ന ചെലവ്, ഹൈക്കോടതിയിലും ഡൽഹിയിലെ വൈദ്യുതി അപ്പലേറ്റ് ട്രിബ്യൂണലിലും സുപ്രീം കോടതിയിലും അപ്പീൽ കേസുകൾ നടത്തുന്നതിന് വേണ്ടിവരുന്ന ചെലവ്, വൈദ്യുതി, ടെലിഫോൺ, പ്രിന്റിംഗ്, പോസ്റ്റേജ് തുടങ്ങിയ ഓഫീസ് ചെലവുകൾ കൂടാതെ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ആഫീസ് ചെലവ്, വാടക, വാഹനങ്ങളുടെ ഇന്ധന ചെലവ്, മെയിന്റനൻസ് ചെലവ്, വിവിധ കമ്മിറ്റി കൾക്ക് കമ്മീഷൻ നൽകേണ്ട വരിസംഖ്യ, പബ്ലിക് ഹിയറിംഗുകൾക്ക് ആവശ്യമായ ചെലവ്, കമ്മീഷൻ ആഫീസ് പ്രവർത്തിക്കുന്ന കെ.പി.എഫ്.സി. ഭവന്റെ പ്രതിമാസ നടത്തിപ്പ് ചെലവ് തുടങ്ങിയവയ്ക്കായി ഈ ഹെഡിൽ അനുവദിച്ചിട്ടുള്ള 68,44,000 രൂപ തികച്ചും അപര്യാപ്തമായതിനാൽ ഈയിനത്തിൽ 55,56,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ചതുപ്രകാരം 55,56,000 രൂപ അനുവദിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന കമ്മീഷൻ സെക്രട്ടറിയുടെ അഭ്യർത്ഥന ഊർജ്ജവകുപ്പ് ശുപാർശ ചെയ്ത് ധനകാര്യവകുപ്പിന് അയയ്ക്കുകയുണ്ടായെങ്കിലും അധികതുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, 2011-2012 വർഷത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് താഴെപ്പറയുന്ന തുക അനുവദിക്കുകയുണ്ടായി എന്ന വിവരം അറിയിച്ചു കൊള്ളുന്നു:

| ഇനം | തുക |
|---|---|
| ലൈസൻസ് ഫീസ് | 1,51,40,850 |
| ARR & ERC ഫയൽ ചെയ്യുന്നതിനുള്ള ഫീസ് | 1,11,00,000 |
| do. | 1,14,920 |
| ആകെ | 2,63,55,770 |

ശുപാർശ

സാമൂഹ്യബാദ്ധ്യത കണക്കിലെടുത്ത് കൂടിയ വിലയ്ക്ക് വിദ്യുച്ഛക്തി വാങ്ങി കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിവരുന്ന ബോർഡിന്റെ റവന്യൂക്കമ്മി നികത്താൻ ആവശ്യമായ തുക വൈദ്യുതിബോർഡിന് സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

ഇലക്ട്രിസിറ്റി ബോർഡിന് റവന്യൂക്കമ്മി നികത്തുന്നതിന് 99.97 (45.97+54) കോടി രൂപ ക്യാഷ് സബ്സിഡിയായി അനുവദിച്ചുകൊണ്ട് 8-10-2010-ന് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 24/10/ഊ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശുപാർശ

പദ്ധതികൾക്ക് അനുവദിക്കുന്ന ഫണ്ട് ചെലവഴിക്കാൻ കഴിയാതിരിക്കുന്നതിനുള്ള പ്രധാന കാരണം നാഷണൽ ഹൈവേ അതോറിറ്റി, റെയിൽവേ, ബി.എസ്.എൻ.എൽ. തുടങ്ങിയ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസമാണ്. ആയതിനാലാണ് പല പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രത്യേകാനുമതി ലഭിക്കുന്നതിന് കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് പ്രത്യേക സംവിധാനമുണ്ടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

ഊർജ്ജ വകുപ്പിനെ സംബന്ധിച്ചിടത്തോളം പ്രധാനമായും ബി.എസ്.എൻ.എൽ.ൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കേറ്റ് ലഭിക്കാനാണ് കാലതാമസം നേരിടുന്നത്. കൂടിയാലോചനകളിലൂടെ തടസ്സം ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്. അതിനാൽ ഇത് സംബന്ധിച്ച ശുപാർശകളിന്മേൽ തുടർനടപടി ആവശ്യമില്ല.

ശുപാർശ

വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിന്റെ പേരിൽ കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ജലസേചനപദ്ധതികൾ, കുടിവെള്ളവിതരണ പദ്ധതികൾ എന്നിവയുടെ വിദ്യുച്ഛക്തി ബന്ധം വിച്ഛേദിക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

2003-ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 56-ൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. കൃഷിഭവൻ മുഖേന വൈദ്യുത ചാർജ്ജ് ഒടുക്കുന്ന കാർഷിക ഉപഭോക്താക്കൾ കുടിശ്ശിക ഒഴിവാക്കുന്നതിന് കറണ്ട് ചാർജ്ജ് നേരിട്ടടയ്ക്കുന്നതിനും പിന്നീട് തുക കൃഷിഭവനിൽ നിന്നും റീ ഇംപേഴ്സ് ചെയ്ത് നൽകുന്നതിനുള്ള സംവിധാനം ഒരുക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
ഒന്നാമത് റിപ്പോർട്ട് (2011-12)

ശുപാർശ

2230-01-103-96—കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം

ക്ഷേമപെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 55000-ൽ അധികം പെൻഷനേഴ്സ് ഉള്ള കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ,

12 മാസത്തെ പെൻഷൻ 400 രൂപ നിരക്കിൽ, മണിയോർഡർ കമ്മീഷൻ ഉൾപ്പെടെ നൽകുന്നതിന് വേണ്ടിവരുന്ന 2772 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

2011-ാമാണ്ട് ആഗസ്റ്റ് 31-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1290/2011/തൊഴിൽ പ്രകാരം 8,60,07,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി ടി ശീർഷകത്തിൽ ലഭ്യമാക്കുകയും ബഡ്ജറ്റ് വിഹിതം ഉൾപ്പെടെ 13,80,07,000 രൂപ (പതിമൂന്ന് കോടി എൺപത് ലക്ഷത്തി ഏഴായിരം രൂപ) ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ മാസംവരെയുള്ള 6 മാസക്കാലത്തേക്ക് പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനായി ചെലവഴിക്കുന്നതിന് അനുമതി നൽകുകയുണ്ടായി.

ശുപാർശ

2230-01-103-92—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതി

ക്ഷേമപെൻഷനുകൾ 100 രൂപ കൂടി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 11500-ൽ അധികം പെൻഷനേഴ്സുള്ള കേരള കൈത്തറി ക്ഷേമനിധി ബോർഡിൽ പെൻഷൻ ഇനത്തിൽ 6 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

2011-ാമാണ്ട് സെപ്റ്റംബർ 2-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1306/2011/തൊഴിൽ പ്രകാരം 2,30,84,000 രൂപ അഡീഷണൽ ആതറൈസേഷൻവഴി ടി ശീർഷകത്തിൽ ലഭ്യമാക്കുകയും ബഡ്ജറ്റ് വിഹിതം ഉൾപ്പെടെ 2,31,84,000 (രണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി എൺപത്തിനാലായിരം രൂപ) ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ മാസംവരെയുള്ള 6 മാസക്കാലത്തേക്ക് പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനായി ചെലവഴിക്കുന്നതിന് അനുമതി നൽകുകയുണ്ടായി.

ശുപാർശ

2230-01-103-22—രാഷ്ട്രീയ സ്വസ്ത്യ ഭീമായോജന (25% സംസ്ഥാന സഹായം)

പ്രീമിയം തുകയിൽ വർദ്ധനവ് വന്നിരിക്കുന്ന സാഹചര്യത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷം ടി ശീർഷകത്തിൽ സംസ്ഥാന വിഹിതമായി ഉൾക്കൊള്ളിച്ചിട്ടുള്ള പത്ത് കോടി രൂപ ചെലവഴിച്ചശേഷം അധികമായി വേണ്ടുന്ന തുക സംബന്ധിച്ച് പദ്ധതിയുടെ നോഡൽ ഏജൻസിയായ ചിയാക്കിൽ നിന്നും നിർദ്ദേശം ലഭിക്കുന്നതനുസരിച്ച് ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III–ന്റെ 6-1-2009–ലെ യോഗം—അനന്തര നടപടികളുടെ റിപ്പോർട്ട്

ശുപാർശ

ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 6-1-2009-ൽ കൂടിയ യോഗത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുള്ള കുടിശ്ശിക അടയ്ക്കുവാൻ കേരളാ വാട്ടർ അതോറിറ്റിക്ക് 2009 മാർച്ച് 31 വരെ സാവകാശം അനുവദിക്കണമെന്നുള്ള ശുപാർശ സംബന്ധിച്ചും വിവിധ വകുപ്പുകളിൽ നിന്നും കെ.എസ്.ഇ.ബി.ക്ക് കിട്ടേണ്ട കുടിശ്ശിക അടിയന്തിരമായി ലഭ്യമാക്കേണ്ടത് സംബന്ധിച്ചും.

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 45/08/ഡബ്ല്യൂ.ആർ.ഡി. തീയതി 26-9-2008 പ്രകാരം കേരള ജലഅതോറിറ്റിയുടെ 31-3-2008 വരെയുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ രൂപ 250 കോടി സ്വീകരിച്ചുകൊണ്ട് തീർപ്പാക്കാൻ ഉത്തരവായിരുന്നു. ടി തുക അടയ്ക്കുവാൻ ജലഅതോറിറ്റിക്ക് 31-3-2009 വരെ സാവകാശം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ജലഅതോറിറ്റി 31-3-2009–ന് 250 കോടി ഒടുക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും കെ.എസ്.ഇ.ബി.ക്ക് കിട്ടേണ്ട കുടിശ്ശിക അനുവദിച്ച് നൽകുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളോടും 29-9-2010–ലെ 8358/സി2/08/ഊ.വ. സർക്കുലർപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട് എന്ന വസ്തുതയും റിപ്പോർട്ട് ചെയ്യുന്നു.

**ആര്യാടൻ മുഹമ്മദ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
6-6-2012.

## അനുബന്ധം I

# 2011 ജൂലൈ മാസം 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2011 ജൂലൈ മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ III-എ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു :

1. ശ്രീ. എം. ഹംസ, എം.എൽ.എ.
2. ,, പി. എ. മാധവൻ, എം.എൽ.എ.
3. ,, എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
4. ,, എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
5. ,, കെ. ശിവദാസൻ നായർ, എം.എൽ.എ.
6. ,, എം. എ. വാഹീദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പ്രസന്നകുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പ്രദീപ് കുമാർ, സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ,, വി. പി. ജോയി, ചെയർമാൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
3. ,, ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ,, കെ. ചന്ദ്രശേഖരബാബു, സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ
5. ,, അശോകൻ, ചീഫ് എഞ്ചിനീയർ (ട്രാൻസ്മിഷൻ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
6. ,, എസ്. വേണുഗോപാൽ, മെമ്പർ (ഫിനാൻസ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
7. ശ്രീമതി അന്നമ്മ ജോൺ, മെമ്പർ (ജനറേഷൻ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
8. ,, കെ. വൽസലാകുമാരി, ചീഫ് എഞ്ചിനീയർ, കോർപ്പറേറ്റ് പ്ലാനിംഗ്
9. ശ്രീ. സി. കെ. ദയാപ്രദീപ്, മെമ്പർ (ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ വൈദ്യുത പദ്ധതികൾ സംബന്ധിച്ച XXXIX-ാം നമ്പർ ധനാഭ്യർത്ഥന സമിതി പരിഗണനയ്ക്കെടുക്കുകയും യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

രാജീവ് ഗാന്ധി വൈദ്യുതി കിരൺ യോജന പദ്ധതിക്കായി (ആർ.ജി.ജി. വി.വൈ.) മലബാർ മേഖലയിലെ ആറു ജില്ലകൾക്കും ഇടുക്കി ജില്ലയ്ക്കുംവേണ്ടി 2005-ൽ കേന്ദ്ര സർക്കാർ 342 കോടി രൂപ അനുവദിക്കുകയും, പ്രസ്തുത പദ്ധതി 2005-ൽത്തന്നെ ടെണ്ടർ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടർ ഓപ്പൺ ചെയ്തപ്പോൾ ഏകദേശം എൺപത്തിയഞ്ച് ശതമാനത്തോളം തുക അധിക മായി രേഖപ്പെടുത്തിയിരുന്നതിനാൽ ഡിപ്പാർട്ട്മെന്റ് വർക്കായി നടത്താൻ തീരുമാനിച്ച തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽമാത്രം വർക്ക് ആരംഭിക്കുകയും ചെയ്തു. തുടർന്ന് ടി പദ്ധതിയുടെ നടത്തിപ്പ് എൻ.ടി.പി.സി.യെ ഏൽപ്പിക്കുകയും ചെയ്തതായി സമിതി അറിയിച്ചു. ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ ആരംഭിച്ച സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ നടത്തിപ്പിനായി 109 കോടി രൂപയും സംസ്ഥാന ത്തിന്റെ തെക്കൻ പ്രദേശത്തുള്ള ഏഴ് ജില്ലകളെക്കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന തിനായി വീണ്ടും 8348.350 ലക്ഷം രൂപയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ടെന്നും തെക്കൻ പ്രദേശത്തുള്ള ജില്ലകളിലെ പദ്ധതി 2012-ൽ ആരംഭിക്കുന്നതാണെന്നും സമിതി അറിയിക്കുകയുണ്ടായി.

സംസ്ഥാനത്തെ 85 നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടുള്ളതായും മറ്റു നിയോജകമണ്ഡലങ്ങളിലെ വൈദ്യുതി പോസ്റ്റും അനുബന്ധ ഉപകരണങ്ങളും ലഭ്യമല്ലാത്തതുകാരണം പദ്ധതി മുടങ്ങിയിരിക്കുകയാ ണെന്നും സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി പോസ്റ്റ് ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തുകയാണെന്നും സമിതി മനസ്സിലാക്കി.

കേന്ദ്രസർക്കാരിന്റെ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൻകീഴിൽ 1,50,000-ൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭകളിലേക്കായി ഏകദേശം 1100 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഈ പദ്ധതി 2012 മുതൽ നടപ്പാക്കുമെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സർക്കാരിന്റെ 100 ദിന പരിപാടിപ്രകാരം 31-3-2011-ന് മുമ്പ് അപേക്ഷിച്ചവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള വിവരവും സമിതി അറിയിക്കുകയുണ്ടായി.

അണ്ടർഗ്രൗണ്ട് കേബിൾ ചെയ്ത സ്ഥലത്ത് ബി.എസ്.എൻ.എൽ.മായി പ്രശ്നം നിലനിൽക്കുന്നതായും ട്രാൻസ്ഫോമർ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതുൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ബി.എസ്.എൻ.എൽ.ന്റെ എൻ.ഒ.സി. ആവശ്യമുള്ളതിനാൽ അനാവശ്യമായ കാലതാമസം നേരിടുന്നതായി യോഗത്തിൽ പരാമർശിക്കപ്പെട്ടു. വൈദ്യുത ബോർഡിലെയും ബി.എസ്.എൻ.എൽ.ന്റെയും ഉദ്യോഗസ്ഥരുടെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൃത്യമായി ചേർന്ന് കാര്യങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കേരളത്തിലെ ചില ഏജൻസികൾക്ക് വിദ്യുച്ഛക്തി ബോർഡിൽ നിന്നും വൈദ്യുതി വാങ്ങി വ്യവസായങ്ങൾക്ക് വിതരണം ചെയ്യുന്നതിന് അധികാരം നൽകിയിട്ടുള്ളതിനാൽ ബോർഡിന് വൻ നഷ്ടമാണുണ്ടാകുന്നതെന്നും പ്രസ്തുത ഏജൻസികളുമായി നിലവിലുള്ള കരാറിന്റെ കാലാവധി കഴിഞ്ഞാൽ ലൈസൻസ് നീട്ടി കൊടുക്കേണ്ടതില്ലെന്നും ടി ലൈസൻസ് ഫ്രാഞ്ചൈസികൾക്ക് നൽകിയാൽ ബോർഡിന് വലിയ ലാഭമുണ്ടാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXIX വൈദ്യുത പദ്ധതികളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു.

1. 2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, 120 യൂണിറ്റിനുതാഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ തെർമൽ സർചാർജിൽ നിന്നും ഒഴിവാക്കുന്നതു മൂലം ബോർഡിനുണ്ടാകുന്ന ബാദ്ധ്യത നികത്തുന്നതിന് ആവശ്യമായ തുക സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2. 2801-80-101-94—കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുള്ള ദ്രവ്യസഹായം

സാമൂഹ്യ ബാദ്ധ്യത കണക്കിലെടുത്ത്, കൂടിയ വിലയ്ക്ക് വിദ്യുച്ഛക്തി വാങ്ങി കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകിവരുന്ന ബോർഡിന്റെ റവന്യൂ കമ്മി നികത്തുന്നതിന് ആവശ്യമായ തുക വൈദ്യുതി ബോർഡിന് സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3. 2801-80-800-99—കേരള സംസ്ഥാന വിദ്യുച്ഛക്തി റഗുലേറ്ററി കമ്മീഷൻ

സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം കൂടി കണക്കിലെടുത്താൽ സഹായധനം-ശമ്പളം ഇനത്തിൽ അനുവദിച്ചിട്ടുള്ള 57,50,000 രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 30 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4. സഹായധനം-ശമ്പളേതരം എന്ന ശീർഷകത്തിൽ യാത്രാചെലവിനത്തിൽ 2 ലക്ഷം രൂപയും ഇന്ധന ചെലവിനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി, ടെലഫോൺ, പ്രിന്റിംഗ്, പോസ്റ്റേജ് എന്നീ ഇനങ്ങൾക്കായി 1 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസ് പ്രവർത്തനത്തിനായി 1 ലക്ഷം രൂപയും ഉൾപ്പെടെ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5. വിവിധ റഗുലേറ്ററി ഫോറങ്ങളിലെ മെമ്പർഷിപ്പ്, കമ്മീഷൻ ആസ്ഥാനം പ്രവർത്തിക്കുന്ന കെ.പി.എഫ്.സി. ഭവന് നൽകേണ്ട നടത്തിപ്പ് ചെലവ് എന്നീ ഇനങ്ങളിലായി 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സബ്ജക്ട് കമ്മിറ്റി VII-ന്റെ 29-6-2010 മുതൽ 31-3-2011 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 12.15-ന് പിരിഞ്ഞു.

## 2011 ആഗസ്റ്റ് മാസം 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2011 ആഗസ്റ്റ് മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ III എ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. കെ. ഗുരുദാസൻ, എം.എൽ.എ.
2. ,, പി. എ. മാധവൻ, എം.എൽ.എ.
3. ,, എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
4. ,, എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
5. ,, എം. എ. വാഹീദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പ്രസന്നകുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. അനിൽ സേവ്യർ, സെക്രട്ടറി, തൊഴിലും പുനരധിവാസവും വകുപ്പ്
2. ,, കെ. ബിജു, ഡയറക്ടർ (എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്)
3. ,, ടി. ടി. ആന്റണി, കമ്മീഷണർ, തൊഴിൽ വകുപ്പ്
4. ശ്രീമതി കെ. പി. ശ്രീലകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
5. ശ്രീ. കെ. അജിത്കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ഡോ. എം. ബീനത്ത്, ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്
7. ശ്രീ. കെ. ശശി, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്.

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVIII (വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും), നമ്പർ XXIV (തൊഴിലും തൊഴിലാളിക്ഷേമവും), നമ്പർ XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ജില്ലാ ലേബർ ഓഫീസുകളിൽ ഉദ്യോഗസ്ഥരുടെ എണ്ണം വളരെ പരിമിതമായ തിനാൽ, പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നതിന് കൂടുതൽ തസ്തികകൾ അടിയന്തിരമായി സൃഷ്ടിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. വാഹനങ്ങളുടെ അപര്യാപ്തതമൂലം ഇൻസ്പെക്ഷൻ നടത്തുന്നതിനും സെസ്സ് പിരിക്കുന്നതിനും വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഐ.ടി.ഐ. ട്രെയിനിംഗ് കഴിഞ്ഞ് വിദേശരാജ്യങ്ങളിൽ ജോലിക്ക് പോകാൻ താൽപ്പര്യമുള്ളവർക്ക്, സോഫ്റ്റ് സ്കില്ലിൽ പരിശീലനം നൽകുന്നതിനുവേണ്ടി സംസ്ഥാനത്ത് നിലവിൽ 14 ഐ.ടി.ഐ.കളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫിനിഷിംഗ് സ്കൂളുകൾ, 14 ജില്ലകളിലുമുള്ള ഐ.ടി.ഐ.കളിൽ ആരംഭിക്കുന്നതിനും കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും, കരാറടിസ്ഥാനത്തിൽ നല്ല ഫാക്കൽറ്റിയെ നിയമിക്കുന്നതിനുംവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതിയിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിച്ചു. ഐ.ടി.ഐ.കളിൽ മൂന്നാമത്തെ ഷിഫ്റ്റ് ആരംഭിക്കുന്നതിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട നൂതന വിദ്യകൾ ഉൾപ്പെടുത്തി പരിശീലനം നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പ്രവർത്തികൾ മുഖ്യമായും ആസ്തികൾ സൃഷ്ടിക്കുന്നതിന് ഉപയോഗിക്കുന്നതിനാൽ ഈ ആവശ്യത്തിനുള്ള തുക നടപ്പുവർഷം മുതൽ "4250-മറ്റ് സാമൂഹ്യസേവനങ്ങൾക്കുള്ള മൂലധന ചെലവ്" എന്ന കണക്കിനത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും), നമ്പർ XXIV (തൊഴിലും തൊഴിലാളിക്ഷേമവും), നമ്പർ XLVI (സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും) എന്നിവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ സമിതി താഴെപറയുന്ന ശുപാർശകൾ നൽകാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

**എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി**

2210-01-102-99—ഭരണവിഭാഗം

05—ഓഫീസ് ചെലവുകൾ

വെള്ളക്കരത്തിന്റെ നിരക്കിൽ വർദ്ധനവ് വന്നിരിക്കുന്ന സാഹചര്യത്തിൽ വെള്ളക്കരം ഇനത്തിൽ 1,10,000 രൂപയും ഓഫീസ് കമ്പ്യൂട്ടർവൽക്കരിച്ചതിനെ തുടർന്ന് വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവ് വന്നിരിക്കുന്നതിനാൽ വൈദ്യുത ചെലവ് എന്ന ഇനത്തിൽ 15,000 രൂപയും ഉൾപ്പെടെ ആകെ 1,25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2210-01-102-98—ഡിസ്പെൻസറികൾ

34—മറ്റു ചെലവുകൾ

ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളുടേയും 137 ഡിസ്പെൻസറികളുടേയും പ്രവർത്തനത്തിന് വേണ്ടിയുള്ളതാണ്. വെള്ളക്കരം ഇനത്തിൽ 8,00,000 രൂപയും കമ്പ്യൂട്ടർവൽക്കരണത്തെ തുടർന്ന് ഉപഭോഗത്തിൽ വർദ്ധനവ് വന്നിരിക്കുന്നതിനാൽ വൈദ്യുത ചെലവ് ഇനത്തിൽ 28,00,000 രൂപയും ഉൾപ്പെടെ 36,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2210-01-102-96—ഇ.എസ്.ഐ.യുടെകീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്

ഡ്രഗ്സ് ആന്റ് ഡ്രസ്സിംഗ്സ് എന്ന ഇനത്തിൽ 28 ലക്ഷം രൂപയും ഓരോ സാമ്പത്തിക വർഷത്തിലും ഉണ്ടാകുന്ന ഐ.പി.കളുടെ വർദ്ധനവുമൂലം ചെലവ് വർദ്ധിക്കുന്നതിനാലും കഴിഞ്ഞ വർഷത്തേതുൾപ്പെടെ ധാരാളം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ തുക നൽകേണ്ടതുള്ളതിനാലും മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇമ്പേഴ്സ്മെന്റ് എന്ന ഇനത്തിൽ 169.78 ലക്ഷം രൂപയും ഉൾപ്പെടെ 197.78 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

2230-01-001-99—നടത്തിപ്പ്

വാഹനം വാങ്ങൽ ഇനത്തിൽ 1,000 രൂപ മാത്രമെ വകയിരുത്തിയിട്ടുള്ളു. 10 വർഷത്തിന് മുകളിൽ പഴക്കമുള്ള വാഹനങ്ങളാണ് തൊഴിൽ വകുപ്പിന്റെ കൈവശമുള്ളത്. ഹൈറേഞ്ച് മേഖലകളിൽ പ്രവർത്തിയെടുക്കുന്ന 10 പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ഉപയോഗിച്ചുവരുന്ന രണ്ട് വാഹനങ്ങൾ 13 വർഷത്തിലേറെ പഴക്കമുള്ളതാണ്. വകുപ്പിൽ 28 വാഹനങ്ങൾ അടിയന്തിരമായി വാങ്ങേണ്ടതുണ്ട്. വാഹനങ്ങൾ ലഭ്യമാകുന്നതോടുകൂടി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരവും, കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് അനുസരിച്ചുള്ള രജിസ്ട്രേഷൻ ഊർജ്ജിതപ്പെടുത്തുന്നതിനും തന്മൂലം റവന്യൂ വരുമാനം 20 കോടി എങ്കിലും അധികം സമാഹരിക്കുന്നതിനും കഴിയും. ആയതിനാൽ ഈ ഇനത്തിൽ ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തൊഴിൽ വകുപ്പിൽ പ്ലാനിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലുമായി 220 കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. ഇവയുടെ വാർഷിക മെയിന്റനൻസ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയ്ക്കായി 3 ലക്ഷം രൂപയും വേതന ഇനത്തിൽ 3.32 ലക്ഷം രൂപയും ഓഫീസ് ചെലവ് ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 36.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-001-97—ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണം

ലേബർ ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടറൈസേഷൻ, ട്രെയിനിംഗ്, പർച്ചേസ് ഓഫ് ബുക്ക്സ്, തുടങ്ങിയ ഇനങ്ങൾക്കാണ് മേൽ തുക

വകയിരുത്തിയിട്ടുള്ളത്. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കി വെബ് എനേബിൾസ് സോഫ്റ്റ് വെയറിലേക്ക് മാറുവാൻ തയ്യാറാകുന്ന തൊഴിൽ വകുപ്പിന് സോഫ്റ്റ്വെയർ നിർമ്മാണത്തിന് 14 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-95—വ്യവസായിക ട്രിബ്യൂണൽ, കോഴിക്കോട്

കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ഒരു കമ്പ്യൂട്ടർ വാങ്ങുന്നതിന് ഓഫീസ് ചെലവുകൾ ഇനത്തിൽ 33,500 രൂപയും ശമ്പളപരിഷ്ക്കരണം നടപ്പാക്കിയതുമൂലം വന്ന അധികച്ചെലവ് പരിഗണിച്ച് വേതനം ഇനത്തിൽ 25,000 രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 6,000 രൂപയും, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ ഇൻഷ്വറൻസ് പ്രീമിയം കുടിശ്ശിക ആയിട്ടുള്ള ബില്ലുകൾ അടവുവരുത്തുന്നതിനായി 15,000 രൂപയും ഉൾപ്പെടെ 79,500 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-94—വ്യവസായിക ട്രിബ്യൂണൽ, കൊല്ലം

കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ശമ്പളപരിഷ്ക്കരണംമൂലം ഉണ്ടായ അധിക ബാദ്ധ്യത നേരിടുന്നതിന് വേതനം ഇനത്തിൽ 12,000 രൂപയും, യാത്രാ ചെലവുകൾ ഇനത്തിൽ യാത്രാബത്ത പരിഷ്ക്കരിച്ചതിനാലും ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അധിക ചുമതല വഹിക്കുന്നതിനാലും 60,000 രൂപയും, ഓഫീസ് ചെലവുകളിൽ ഇന്റർനെറ്റ് കണക്ഷനെടുത്തതിനാൽ ടെലഫോൺ ചെലവ് ഇനത്തിൽ 3,000 രൂപയും മറ്റിനങ്ങൾക്കായി 30,000 രൂപയും റെക്കോർഡ് റും നിർമ്മിക്കുന്നതിനും ഫർണിച്ചർ മാറ്റി ഓഫീസ് ആധുനികവൽക്കരിക്കുന്നതിനും 1,00,000 രൂപയും, ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അധികച്ചുമതല വഹിക്കുന്നതിനാൽ പി.ഒ.എൽ. ഇനത്തിൽ 1,13,000 രൂപയും ഉൾപ്പെടെ ആകെ 3.18 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-93—തൊഴിൽ കോടതി, കൊല്ലം

കൊല്ലം ലേബർ കോടതിയുടെ ശമ്പള ഇനത്തിൽ 1,00,000 രൂപയും മറ്റ് അലവൻസുകൾക്ക് 73,000 രൂപയും വേതനം ഇനത്തിൽ 75,000 രൂപയും ടെലഫോൺ ചെലവിനത്തിൽ 25,000 രൂപയും മറ്റിനങ്ങൾക്കായി 50,000 രൂപയും ഉൾപ്പെടെ 3.23 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

കോഴിക്കോട് ലേബർ കോടതിയുടെ വേതനം ഇനത്തിൽ 26,000 രൂപയും മറ്റ് വൈദ്യുതി ചെലവിനത്തിൽ 16,000 രൂപയും ഉൾപ്പെടെ 41,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

എറണാകുളം ലേബർ കോടതിക്ക് മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 20,000 രൂപയും റിട്ടയർ ചെയ്ത പ്രിസൈഡിംഗ്

ഓഫീസർക്ക് സ്ഥലംമാറ്റ ബത്ത നൽകുന്നതിലേക്കായി പ്രസ്തുത ഇനത്തിൽ 17,950 രൂപയും ഉൾപ്പെടെ 37,950 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-89—ലേബർ കോടതി, കണ്ണൂർ

കണ്ണൂർ ലേബർ കോടതിക്ക് ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 30,000 രൂപയും വെള്ളക്കരം ഇനത്തിൽ 2,000 രൂപയും പ്രീസൈഡിംഗ് ഓഫീസർക്ക് കോഴിക്കോട്, കൊല്ലം, എറണാകുളം തൊഴിൽ കോടതികളുടെ അധിക ചുമതലകൂടി ഉള്ളതിനാൽ പി.ഒ.എൽ. ഇനത്തിൽ 50,000 രൂപയും രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി മറ്റിനങ്ങൾ 90,000 രൂപയും ഉൾപ്പെടെ 1.72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-85—വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

പാലക്കാട് ട്രിബ്യൂണലിന് വാടക കുടിശ്ശിക അനുവദിക്കുന്നതിലേക്കായി 16,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-102-99—വ്യവസായശാല ഡയറക്ടറാഫീസ്

ഈ ശീർഷകത്തിൽ 04 യാത്രാ ചെലവുകൾ ഇനത്തിൽ 5,00,000 രൂപയും ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 1,50,000 രൂപയും 06 വാടക, കരം നികുതി എന്ന ഇനത്തിൽ 50,000 രൂപയും 21 മോട്ടോർ വാഹനങ്ങൾ എന്ന ഇനത്തിൽ നാലു വാഹനങ്ങൾ വാങ്ങുന്നതിനായി 35 ലക്ഷം രൂപയും 34 മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 80,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

യാത്രാചെലവുകൾ ഇനത്തിൽ 15,000 രൂപയും ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 1,00,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 20,000 രൂപയും കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-96—കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം

ക്ഷേമ പെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 55000-ൽ അധികം പെൻഷനേഴ്സ് ഉള്ള കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 12 മാസത്തെ പെൻഷൻ 400 രൂപ നിരക്കിൽ മണിയോർഡർ കമ്മീഷൻ ഉൾപ്പെടെ നൽകുന്നതിന് വേണ്ടിവരുന്ന 2772 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-94—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

മരംകയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000 രൂപയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളികൾക്ക് 25,000 രൂപയും നൽകി വരുന്നു. 2010-2011 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന 77 ലക്ഷം രൂപ ജനുവരി 2010 വരെയുള്ള അപേക്ഷകൾക്ക് മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ.

2010 ഫെബ്രുവരി മുതൽ 2012 മാർച്ച് വരെയുള്ള അപേക്ഷകൾക്ക് ആനുകൂല്യം നൽകുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു.

2230-01-103-92—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതി

ക്ഷേമപെൻഷനുകൾ 100 രൂപ കൂടി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 11,500–ൽ അധികം പെൻഷനേഴ്സുള്ള കേരള കൈത്തറി ക്ഷേമനിധി ബോർഡിൽ പെൻഷൻ ഇനത്തിൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-88—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനമാണ് ഈ ശീർഷകത്തിൽ വകക്കൊള്ളിച്ചിട്ടുള്ളത്. അംശദാനം നൽകുന്നതിന് 39,82,000 രൂപ ആവശ്യമുണ്ട്. ആയതിനാൽ 29.82 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-86—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ പദ്ധതികളും

16048 പെൻഷനേഴ്സുള്ള ഈ സ്ഥാപനത്തിൽ ഒരു പെൻഷൻ നൽകുവാൻ 8,08,81,920 രൂപ വേണ്ടി വരും. ആയതിനാൽ 47,33,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-79—കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-78—1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ടു തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്

2010-2011– ൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക 2010 സെപ്റ്റംബർ വരെയുള്ള പെൻഷൻ നൽകുന്നതിന് മാത്രമേ കഴിഞ്ഞിട്ടുള്ളു. 2010 ഒക്ടോബർ മുതൽ 2011 മാർച്ച് വരെയുള്ള പെൻഷന് ആവശ്യമായ 5,89,680 രൂപ ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ചെലവഴിക്കുകയും ആയത് ഇപ്പോൾ അനുവദിച്ചിട്ടുള്ള 7 ലക്ഷം രൂപയിൽ നിന്നും സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ഈ ഇനത്തിൽ 1,10,320 രൂപ മാത്രമേ നീക്കിയിരിപ്പുള്ളു. ക്ഷേമപെൻഷനുകൾ 400 രൂപയായി ഉയർത്തിയ സാഹചര്യത്തിൽ 351 തൊഴിലാളികളുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 16,59,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-73—കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി-അംശദാനം

ക്ഷേമ പെൻഷനുകൾ 100 രൂപ കൂടി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പെൻഷൻ നൽകുന്നതിന് മാത്രമായി 147.17 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-അംശദാനം

തൊഴിലാളികളിൽ നിന്നും ഓരോ സാമ്പത്തിക വർഷവും ലഭിക്കുന്ന അംശദായത്തിന് തുല്യമായ മാച്ചിംഗ് ഗ്രാന്റ് ലഭിക്കുവാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ 2010-2011-ൽ ഈ ഇനത്തിൽ ബോർഡിന് 7,61,69,506 രൂപ ലഭിച്ചിട്ടുള്ളതിനാൽ തുല്യമായ തുകയ്ക്ക് അർഹതയുണ്ട്. ആയതിനാൽ ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കിയുള്ള 700.70 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-71—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമബോർഡ്-അംശദാനം

ക്ഷേമപെൻഷൻ 100 രൂപ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 289.45 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-62—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി

ഈ ശീർഷകത്തിൽ അനുവദിച്ച തുക ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും, പഠനോപകരണങ്ങൾ വാങ്ങുന്നതിനും ഉന്നത വിദ്യാഭ്യാസം, ആരോഗ്യം എന്നീ കാര്യങ്ങൾക്കും വേണ്ടി ചെലവഴിക്കാനുള്ളതാണ്. ഒരു സാമൂഹ്യസുരക്ഷാ ക്ഷേമപദ്ധതിയായ ഇതിലേക്ക് വർഷം തോറും മേൽനടപടിക്കായി 5 കോടിയിലധികം രൂപ ആവശ്യമായി വരും. ഫണ്ടിന്റെ അഭാവം ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. 2010-11-ലെ ചെലവുകൾക്കായി നീക്കി വയ്ക്കേണ്ടുന്ന 4,77,00,000 രൂപ ഇനിയും ലഭ്യമാക്കേണ്ടതുണ്ട്. 2010-2011-ൽ ചെയ്യേണ്ടുന്ന പ്രോഗ്രാം കൂടി ചേരുമ്പോൾ ഈ ഇനത്തിൽ ബാദ്ധ്യത 9,00,00,000 രൂപയോളമായി ഉയരും. ഈ ശീർഷകത്തിൽ ടോക്കണായി ഉൾക്കൊള്ളിച്ചിട്ടുള്ള 1,000 രൂപ അപര്യാപ്തമായതിനാൽ 9 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-61—കേരള ബാർബർ-ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി

927 പെൻഷനേഴ്സ് ഉള്ളതിനാൽ പെൻഷന് മാത്രം 46,72,000 രൂപ ആവശ്യമായി വരും. ആയതിനാൽ 29,72,000 രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-51—<u>സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി</u>

കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം കൈക്കൊണ്ട് 10 കൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്ന സംസ്ഥാനത്തെ എഴുത്തച്ഛൻ-ആശാട്ടി തുടങ്ങി അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് നിലവിലുള്ള ക്ഷേമ പെൻഷനുകളുടെ നിരക്കിൽ പെൻഷൻ നൽകുന്ന ഒരു പദ്ധതിയാണിത്. ഏകദേശം 3384 പെൻഷനേഴ്സ് ഉള്ള ഈ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം നിലവിലെ നിരക്കിൽ പെൻഷൻ നൽകുന്നതിന് 1,70,55,360 രൂപ ആവശ്യമുണ്ട്. കുടിശ്ശിക കൊടുത്തു തീർക്കുവാൻ 64 ലക്ഷം രൂപ വേണ്ടിവരും. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-35—<u>കേരള ചുമട്ടുതൊഴിലാളി (ചിതറിക്കിടക്കുന്ന വിഭാഗം) ക്ഷേമപദ്ധതി</u>

ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്തെ പലവിഭാഗങ്ങളിലായുള്ള ചുമട്ടു തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ ചെലവിനുള്ളതാണ്. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-34—<u>കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി</u>

സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യമെത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ ശീർഷകത്തിൽ 1.56 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-32—<u>കേരളത്തിലെ വിലവിവര സൂചിക നിർണ്ണയം</u>

2010 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ തൊഴിലാളികളുടെ വിലവിവര സൂചിക നിർണ്ണയിക്കുന്നതിന് 41,63,800 രൂപ ചെലവ് നിശ്ചയിച്ച് സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തി വിവര ശേഖരണം നടത്തി വരുകയാണ്. പ്രസ്തുത ശീർഷകത്തിൽ നാളിതുവരെ 23,31,000 രൂപ മാത്രമേ നൽകിയിട്ടുള്ളു. നിശ്ചിത കാലഘട്ടത്തേക്ക് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ താൽക്കാലിക തസ്തിക അനുവദിച്ച് ചെയ്യുന്ന നടപടി ആകയാൽ പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം കൂടുതൽ തുക ആവശ്യമായി വരും. ആയതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-27—<u>അവശരായ മരം കയറ്റത്തൊഴിലാളികൾക്കുള്ള പെൻഷൻ സ്കീം</u>

കേരള മരം കയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം മരത്തിൽ നിന്നും വീണ് പരിക്ക് ഏൽക്കുകയോ, മരണം സംഭവിക്കുകയോ ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്. അപകടം സംഭവിച്ചാൽ അനാഥമാകുന്ന കുടുംബത്തിന് ഒരു സഹായമായി, അപകടം സംഭവിച്ച തൊഴിലാളികൾക്ക് ശേഷിക്കുന്ന ജീവിതകാലം മുഴുവൻ പെൻഷൻ നൽകുവാനും, മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് സർക്കാർ നിശ്ചയിക്കുന്ന

ക്ഷേമപെൻഷനുകളുടെ തുകയിൽ കുറയാത്ത തുക അനുവദിക്കാനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 1981 മുതൽ ആനുകൂല്യം കൈപ്പറ്റിയ തൊഴിലാളികൾക്ക് ഈ ആനുകൂല്യം കൊടുക്കേണ്ടി വരുമെന്നതിനാൽ 3 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-25—<u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ</u>

നിലവിൽ കേരളത്തിലെ ക്ഷേമനിധി ബോർഡുകൾ നൽകിവരുന്ന പ്രസവാനുകൂല്യം, തൊഴിലാളികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന ശമ്പളം നിലനിർത്തിക്കൊണ്ടാണ് നൽകുന്നത്. ഈ ആനുകൂല്യം വിവിധ ക്ഷേമനിധി ബോർഡുകളിൽ വ്യത്യസ്ത തോതിൽ 500 മുതൽ 3000 രൂപ വരെയാണ് നൽകുന്നത്. ഇത്തരം ആനുകൂല്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൊണ്ടു വരുന്നതിനും, അർഹതപ്പെട്ട കുറഞ്ഞ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. ഈ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന 330 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-22—<u>രാഷ്ട്രീയ സ്വസ്ത്യ ഭീമായോജന (25% സംസ്ഥാന സഹായം)</u>

പ്രീമിയം തുകയിൽ വർദ്ധനവ് വന്നിരിക്കുന്ന സാഹചര്യത്തിൽ 7 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-02-001-99—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ഡിപ്പാർട്ട്മെന്റിലെ പദ്ധതിയിതര ഇനത്തിൽപ്പെട്ട 91 സബ് ഓഫീസുകളുടെയും, ഡയറക്ടറേറ്റിന്റേയും, ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ, കെട്ടിടവാടക എന്നീ ഇനങ്ങൾക്കു വേണ്ടിയുള്ള തുകയാണിത്. എംപ്ലോയ്മെന്റ് വകുപ്പിലെ 103 ഓഫീസുകളിലും 2010-2011-ൽ തന്നെ ടെലിഫോൺ/ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയതിനാൽ ടെലിഫോൺ ചാർജ്ജിനത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ഇനത്തിൽ 11.38 ലക്ഷം രൂപയും, കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി വിവരസാങ്കേതിക വിദ്യ ഇനത്തിൽ 7 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും വാഹനം വാങ്ങുന്നതിന് 1,11,77,000 രൂപയും, സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 3,30,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 4,61,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാരുടെ പരിശീലനവും

സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് 4.59 കോടി രൂപയുടെ പദ്ധതി സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന 100 ലക്ഷം രൂപയ്ക്കു പുറമെ 359 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/ അവിവാഹിതർ/ വിവാഹംകഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി

നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിന് 2010-2011-ൽ പുതുതായി അനുവദിച്ചിട്ടുള്ള ഈ പദ്ധതി പ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെ മാത്രം വരുമാനമുള്ള വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 50% സബ്സിഡിയോടുകൂടി പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. 2011-2012-ലേക്ക് ഈ പദ്ധതിയുടെ സമ്പൂർണ്ണ ലക്ഷ്യപ്രാപ്തിക്കായി 350 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-02-101-90—സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശക്തിപ്പെടുത്തൽ

സംസ്ഥാനത്തെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളിൽ തെരഞ്ഞെടുത്ത 6 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2010-2011-ൽ വകയിരുത്തിയിരിക്കുന്ന 10 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. ബാക്കിയുള്ള 15 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്ക് 2011-2012-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3.05 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായി 27,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-001-97—ആസൂത്രണ നിരീക്ഷണ വിഭാഗം-നവീകരണവും കമ്പ്യൂട്ടർവത്കരണവും

സ്റ്റേറ്റ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ സംസ്ഥാന സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഐ..ടി.ഐ.കളിലെ

അഡ്മിഷൻ ഓൺലൈൻ ആക്കി മാറ്റുന്നതിനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനായി 100 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-101-87—ഐ.റ്റി.ഐ.കളുടെ നവീകരണം

സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത പ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.റ്റി.യുമായി അഫിലിയേറ്റ് ചെയ്യുന്നതിന് വേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.കളിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുക, കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക, മുൻ വർഷങ്ങളിൽ ആരംഭിച്ച ഐ.ടി.ഐ.കളിൽ അധിക യൂണിറ്റുകൾ അനുവദിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 579.20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-101-80—പുതിയ ഐ.റ്റി.ഐ.കൾ സ്ഥാപിക്കൽ

സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ തുടങ്ങുന്നതിന് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ജീവനക്കാരുടെ ശമ്പളം മുതലായവയ്ക്കുമായി 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-101-79—കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയെ നവഊർജ്ജം നൽകി പുനരുജ്ജീവിപ്പിക്കാൻ സ്ഥാപിതമായിട്ടുള്ള കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണത്തിനും പരിശീലനത്തിനുമായി 500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-101-76—പ്രത്യേക തൊഴിൽ പരിശീലനം

വ്യവസായശാലകളിൽ പ്രവർത്തി പരിചയം ഉള്ളവർക്കും ഐ.ടി.ഐ. ഡിപ്ലോമോ, ഡിഗ്രി പാസ്സായവർക്കും ആധുനിക ഉപകരണങ്ങളിൽ പരിശീലനം നൽകി പ്രാപ്തരാക്കുന്ന ഈ പരിപാടിക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേക്കായി 67 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് സമിതി ശുപർശ ചെയ്തു.

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്

സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഈ സ്വയംഭരണ സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിനും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കുമായി 21.17 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-800-85—എംപ്ലോയ്മെന്റുകളും ഫിനിഷിംഗ് സ്കൂളുകളും

തൊഴിലന്വേഷകർക്ക് പ്രാവീണ്യം ലഭ്യമാക്കുന്ന പരിശീലനം നൽകുന്നതിനുള്ള ഈ പദ്ധതി സംസ്ഥാനത്തെ 14 ഐ.ടി.ഐ.കളിൽ നടപ്പാക്കി വരുന്നു. നിലവിൽ പരിശീലനം നടത്തി വരുന്നവർക്കുൾപ്പെടെ, എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭ്യമാകുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 130 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4250-00-201-96—ലേബർ കമ്മീഷണറുടെ ഓഫീസ്- കെട്ടിടം പണിയുന്നതിന്

01—മരാമത്ത് പണികൾ

ലേബർ കമ്മീഷണറുടെ ഓഫീസ് കെട്ടിടം പണിയുന്നതിന് തിരുവനന്തപുരത്ത് പി.എം.ജി ജംഗ്ഷനിൽ വികാസ് ഭവൻ ബസ് സ്റ്റാന്റിന് എതിർവശം സർക്കാർ ഭൂമിയിൽ ലേബർ കോംപ്ലക്സ് എന്ന കെട്ടിടം പി.ഡബ്ല്യൂ.ഡി. നിർമ്മിച്ചു വരികയാണ്. ആകെ 7 നിലകളുള്ള പ്ലാൻ തയ്യാറാക്കപ്പെട്ടിട്ടുള്ള മേൽ കെട്ടിടത്തിൽ ആദ്യ ഘട്ടം എന്ന നിലയിൽ നാല് നില പൂർത്തിയാക്കി ഓഫീസ് പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 7 നിലയുടെ നിർമ്മാണ പ്രവർത്തനം നടന്നെങ്കിൽ മാത്രമെ ലിഫ്റ്റ് വെൽ, ജനറേറ്റർ റൂം, റിറ്റയിനിംഗ് വാൾ എന്നിവയുടെ നിർമ്മാണം നടത്തി ഇപ്പോൾ നിലവിൽ നിർമ്മാണം പൂർത്തിയായ നാല് നിലകൾ പ്രവർത്തനക്ഷമമാക്കാൻ കഴിയുകയുള്ളു. ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി, പി.ഡബ്ല്യൂ.ഡി. നൽകിയ എസ്റ്റിമേറ്റ് തുകയായ 6.16 കോടിയിൽ, ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കിയുള്ള 3.96 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230—സബ്മേജർ ഹെഡ്-03 പരിശീലനം

## പദ്ധതിയിതര ചെലവുകൾ

2230-03 സബ്മേജർ ഹെഡ്ഡിൽ പദ്ധതിയിതര ചെലവുകളിൽ അധികമായി 12,03,54,000 രൂപ താഴെപറയും പ്രകാരം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

02—വേതനം

| | | | |
|---|---|---|---|
| 2230-03-001-99 | .. | 9,000 രൂപ | |
| ആകെ | .. | 9,000 രൂപ | 9,000 രൂപ |

04—യാത്രാചെലവുകൾ

| | | | |
|---|---|---|---|
| 2230-03-001-99 | .. | 2,05,000 | |
| 2230-03-001-98 | .. | 6,000 | |
| 2230-03-101-99 | .. | 17,47,000 | |
| 2230-03-101-98 | .. | 38,000 | |
| 2230-03-101-96 | .. | 48,000 | |
| 2230-03-101-76 | .. | 13,000 | |
| 2230-03-102-99 | .. | 40,000 | |
| ആകെ | .. | 20,97,000 രൂപ | 21,06,000 രൂപ |

05—ഓഫീസ് ചെലവുകൾ

| | | | |
|---|---|---|---|
| 2230-03-001-99 | .. | 1,80,000 | |
| 2230-03-001-98 | .. | 7,000 | |
| 2230-03-101-99 | .. | 13,72,000 | |
| 2230-03-101-98 | .. | 9,000 | |
| 2230-03-101-96 | .. | 37,000 | |
| 2230-03-101-76 | .. | 2,000 | |
| 2230-03-102-99 | .. | 33,000 | |
| ആകെ | .. | 16,40,000 രൂപ | 37,46,000 രൂപ |

06—വാടക, കരം, നികുതി

| | | | |
|---|---|---|---|
| 2230-03-102-99 | .. | 3,55,000 രൂപ | |
| ആകെ | .. | 3,55,000 രൂപ | 41,01,000 രൂപ |

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

| | | | |
|---|---|---|---|
| 2230-03-101-99 | .. | 23,88,000 രൂപ | |
| 2230-03-101-98 | .. | 1,83,000 രൂപ | |
| 2230-03-101-96 | .. | 5,000 രൂപ | |
| ആകെ | .. | 26,21,000 രൂപ | 67,22,000 രൂപ |

17—ചെറുകിട മരാമത്ത് പണികൾ

| | | | |
|---|---|---|---|
| 2230-03-001-99 | .. | 9,30,00,000 രൂപ | |
| ആകെ | .. | 9,30,00,000 രൂപ | 9,97,22,000 രൂപ |

21—മോട്ടോർ വാഹനങ്ങൾ

| | | | |
|---|---|---|---|
| 2230-03-001-99 | .. | 10,33,000 രൂപ | |
| ആകെ | .. | 10,33,000 രൂപ | 10,07,55,000 രൂപ |

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

| | | | |
|---|---|---|---|
| 2230-03-101-98 | .. | 12,000 രൂപ | |
| 2230-03-101-96 | .. | 5,000 രൂപ | |
| 2230-03-102-99 | .. | 1,75,000 രൂപ | |
| ആകെ | .. | 1,92,000 രൂപ | 10,09,47,000 രൂപ |

34—മറ്റ് ചെലവുകൾ

| | | | |
|---|---|---|---|
| 2230-03-001-99 | .. | 4,40,000 | |
| 2230-03-101-99 | .. | 1,68,67,000 | |
| 2230-03-101-98 | .. | 4,22,000 | |
| 2230-03-101-96 | .. | 2,55,000 | |
| 2230-03-101-76 | .. | 10,000 | |
| 2230-03-102-99 | .. | 13,01,000 | |
| ആകെ | .. | 1,92,95,000 | 12,02,42,000 രൂപ |

45—പി.ഒ.എൽ.

| | | | |
|---|---|---|---|
| 2230-03-001-99 | .. | 53,000 | |
| 2230-03-101-99 | .. | 53,000 | |
| 2230-03-101-98 | .. | 6,000 | |
| ആകെ | .. | 1,12,000 | 12,03,54,000 രൂപ |

കൂടാതെ താഴെപറയുന്ന പൊതു ശുപാർശകൾ നൽകാൻ കൂടി തീരുമാനിച്ചു.

ട്രെയിനിംഗ്, കൗൺസിലിംഗ് & പ്ലേസ്മെന്റ് സെൽ (പുതിയ സ്കീം)

ഐ.ടി.ഐ.കളിൽ കമ്പ്യൂട്ടർ, ഫോൺ ലൈൻ, ഇന്റർനെറ്റ് സൗകര്യം, ഫാക്സ് മെഷീൻ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട്, ട്രെയിനിംഗ്, കൗൺസിലിംഗ് & പ്ലേസ്മെന്റ് സെൽ രൂപീകരിക്കുന്നതിന് ആവശ്യമുള്ള ഉപകരണങ്ങളും, അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും, സോഫ്‌വെയർ വികസിപ്പിക്കുന്നതിനും, സൗകര്യം ഒരുക്കുന്നതിനുമായി 71 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കൊല്ലത്തും എറണാകുളത്തും റീജണൽ ഡയറക്ടറേറ്റ്**

സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിൽ 38 ഐ.ടി.ഐ.കൾ പുതുതായി പ്രവർത്തനം ആരംഭിക്കുകയും 7 ഐ.ടി.ഐ.കൾ ഒന്നാം നിര ഐ.ടി.ഐ.കളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്ത് 500-ൽ അധികം ഐ.റ്റി.സി.കളും പ്രവർത്തിക്കുന്നു. ഇക്കാരണങ്ങളാൽ ഡയറക്ടറേറ്റിലെ ജോലി ഭാരം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായ പ്രവർത്തനത്തിനും, വിവിധ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനും, ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടി കൊല്ലത്തും, എറണാകുളത്തും ഓരോ മേഖലാ കേന്ദ്രം ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ഇൻഫർമേഷൻ ടെക്നോളജി സംരംഭങ്ങൾ**

ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ, സംസ്ഥാന ഐ.ടി. സ്കൂളുമായി സഹകരിച്ച്, സംസ്ഥാനത്തെ 30 ഐ.ടി.ഐ.കളിൽ, ട്രെയിനിംഗ് നൽകുന്നതിനുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 250 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ഒഡെപെക്**

ഒഡെപെക്കിന് കാലാകാലങ്ങളായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തുന്നില്ല. ടിക്കറ്റ് വിറ്റ് കിട്ടുന്ന പണവും, റിക്രൂട്ട്മെന്റിന് ലഭിക്കുന്ന ചെറിയ കമ്മീഷനും കൊണ്ടാണ് ഈ സ്ഥാപനം നിലനിർത്തിക്കൊണ്ടു പോകുന്നത്. സമൂഹത്തിന് വളരെയധികം ഗുണം ചെയ്യുന്ന ഒരു സ്ഥാപനമെന്ന നിലയ്ക്ക് ആവശ്യമായ പരിഗണന ഒഡെപെക്കിന് നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യാർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

2235-60-102-98—കർഷകത്തൊഴിലാളി പെൻഷൻ

കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക താഴെ പറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | : | 1,93,07,48,400 | |
| മുനിസിപ്പാലിറ്റീസ് | : | 9,59,40,180 | |
| കോർപ്പറേഷൻ | : | 1,59,36,480 | |
| ആകെ | : | 2,04,26,25,060 | രൂപ |

എല്ലാ ക്ഷേമപെൻഷനുകളും 400 രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിന് അധികമായി ആവശ്യം വരുന്ന 69,48,20,700 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഉച്ചയ്ക്കുശേഷം 12.15-ന് യോഗം പിരിഞ്ഞു.

## 2011 ആഗസ്റ്റ് മാസം 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2011 ആഗസ്റ്റ് മാസം 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V എ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും, ബഹു. ഊർജ്ജവകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോൺ സദവസരത്തിൽ സന്നിഹിതനായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ,, എം. ചന്ദ്രൻ, എം.എൽ.എ.
3. ,, പി. കെ. ഗുരുദാസൻ, എം.എൽ.എ.
4. ,, എം. ഹംസ, എം.എൽ.എ.
5. ,, പി. എ. മാധവൻ, എം.എൽ.എ.
6. ,, എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
7. ,, എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
8. ,, എം. എ. വാഹീദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പ്രസന്നകുമാർ, അണ്ടർ സെക്രട്ടറി

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ സബ്ജക്ട് കമ്മിറ്റി VII-നോട് ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XVIII വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, നമ്പർ XXIV തൊഴിലും തൊഴിലാളിക്ഷേമവും, നമ്പർ XXXIX വൈദ്യുതപദ്ധതികൾ, XLVI സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്നിവയുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് താഴെപ്പറയുന്ന കാര്യങ്ങൾ സമിതിയിൽ ചർച്ച ചെയ്യുകയുണ്ടായി.

സംസ്ഥാനത്ത് വർദ്ധിച്ചവരുന്ന വൈദ്യുതിയുടെ ആവശ്യം നിറവേറ്റുന്നതിന് ഹൈഡൽ പവർ ജനറേഷൻ ആവശ്യമാണെന്നും, അതോടൊപ്പം കോൾ ഉപയോഗിച്ചുള്ള ഊർജ്ജോത്പാദനം വർദ്ധിപ്പിക്കണമെന്നും, മൊത്തം ആവശ്യത്തിന്റെ 41% മാത്രമാണ് സംസ്ഥാനം ഉൽപ്പാദിപ്പിച്ചിരുന്നതെന്നും, 59% വൈദ്യുതിയും സംസ്ഥാനത്തിന് പുറത്തുനിന്നാണ് വാങ്ങുന്നതെന്നും സമിതി ബോദ്ധ്യപ്പെടുകയുണ്ടായി.

കാസർഗോഡ് ജില്ലയിൽ തെർമൽ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രാദേശികമായ എതിർപ്പുകളാണ് തടസ്സമായിട്ടുള്ളതെന്നും പ്രസ്തുത തെർമൽ പ്ലാന്റ് സ്ഥാപിക്കുക യാണെങ്കിൽ 1000 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സാധിക്കുമെന്നും, പ്രാദേശികവും രാഷ്ട്രീയവുമായ എതിർപ്പുകൾ മൂലമാണ് ആതിരപ്പള്ളി, പാത്രക്കടവ്, പൂയംകുട്ടി, മണ്ണാർകാട്, കാരാപ്പാറ എന്നീ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ കഴിയാതെ വന്നതെന്നും സമിതി വിലയിരുത്തി.

സംസ്ഥാനത്ത് ഈ വർഷം പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നില്ലെന്നും നിലവിലുള്ള ഐ.ടി.ഐ.കൾ നവീകരിച്ച് സ്കിൽ ഡെവലപ്മെന്റ് സെന്റേഴ്സ് ആക്കി മാറ്റുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുകയുണ്ടായി.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ശുപാർശകൾ സർക്കാർ അംഗീകരിച്ചോ ഇല്ലയോ എന്നത് സംബന്ധിച്ച് സമിതിയെ അറിയിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 2011 ഒക്ടോബർ 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2011 ഒക്ടോബർ മാസം 10-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 5.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും, ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ,, എം. ചന്ദ്രൻ, എം.എൽ.എ.
3. ,, എം. ഹംസ, എം.എൽ.എ.
4. ,, എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
5. ,, എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
6. ,, കെ. ശിവദാസൻ നായർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി. ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടി. ബാലചന്ദ്രൻ നായർ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ശ്രീ. ടി. എം. മനോഹരൻ, ചെയർമാൻ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

സമിതി 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെയും, ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെയും, അഞ്ചാമത് റിപ്പോർട്ടുകളിലെ തൊഴിലും പുനരധിവാസവും വകുപ്പ്, ഊർജ്ജവകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകൾക്ക് സർക്കാരിൽനിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**തൊഴിലും പുനരധിവാസവും വകുപ്പ്**

(ഫയൽ നമ്പർ 14977/സബ്.സി.സി.1/2010/ലെജി.)

ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ 23, 26 മുതൽ 33, 36, 38, 41 മുതൽ 48, 62 എന്നീ ഖണ്ഡികകൾ.

**ഊർജ്ജ വകുപ്പ്**

(ഫയൽ നമ്പർ 15339/സബ്.സി.സി.1/2010/ലെജി.)

ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ 23-ാം ഖണ്ഡിക.

2004-2005 മുതൽ 2010-2011 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നും, ഊർജ്ജ വകുപ്പിൽ നിന്നും നാളിതുവരെ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടില്ലാത്ത ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

യോഗം വൈകുന്നേരം 5.15-ന് പിരിഞ്ഞു.

## 2011 നവംബർ 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2011 നവംബർ മാസം 3-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഊർജ്ജ വകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പി. കെ. ഗുരുദാസൻ, എം.എൽ.എ.
2. ,, എം. ഹംസ, എം.എൽ.എ.
3. ,, പി. എ. മാധവൻ, എം.എൽ.എ.
4. ,, എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
5. ,, എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
6. ,, എം. എ. വാഹീദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ,, പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഭക്ഷ്യവും, ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെയും ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെയും അഞ്ചാമത് റിപ്പോർട്ടുകളിലെ ഊർജ്ജം, തൊഴിലും പുനഃരധിവാസവും എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണനയ്ക്കെടുത്തു. 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ 1 മുതൽ 5 വരെയുള്ള ഖണ്ഡികകളിലെ ശുപാർശകൾക്ക് തൊഴിലും പുനഃരധിവാസവും വകുപ്പിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകളും സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡികകൾ 21, 24, 25 എന്നിവയിലെ ശുപാർശകൾക്ക് ഊർജ്ജ വകുപ്പിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകളും സമിതി പരിഗണിക്കുകയും അവ കൂടി ഉൾപ്പെടുത്തികൊണ്ട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

ചീമേനിയിൽ ഒരു അഡീഷണൽ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ആരായുന്നതിനായി ചീമേനി സന്ദർശിക്കുന്നതിനെക്കുറിച്ച് സമിതി ആലോചിച്ചു. ഗ്രീൻ ബെൽറ്റ് ഏരിയയിൽ ഉൾപ്പെടുന്ന ഡൽഹിയിലെ താപവൈദ്യുത നിലയം സന്ദർശിച്ച് പഠനം നടത്തുന്നതിനും സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 12.15-ന് പിരിഞ്ഞു.

## 2011 ജനുവരി 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ഒരു യോഗം 2012 ജനുവരി മാസം 4-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ III-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹുമാനപ്പെട്ട ഊർജ്ജവകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോൺ തദവസരത്തിൽ ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എം. ഹംസ, എം.എൽ.എ.
2. ,, പി. എ. മാധവൻ, എം.എൽ.എ.
3. ,, എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
4. ,, എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
5. ,, എം. എ. വാഹീദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ,, പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. അനിൽ സേവിയർ, സെക്രട്ടറി, ലേബർ ആന്റ് റിഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റ്.
2. ,, കെ. ചന്ദ്രശേഖര ബാബു, സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ.
3. ,, ടി. എം. മനോഹരൻ, ചെയർമാൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
4. ,, കെ. ബിജു, ഡയറക്ടർ (എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്)
5. ,, ടി. ടി. ആന്റണി, കമ്മീഷണർ, ലേബർ ഡിപ്പാർട്ട്മെന്റ്.
6. ,, ജി. ബാലചന്ദ്രൻ നായർ, അഡീഷണൽ സെക്രട്ടറി, പവർ ഡിപ്പാർട്ട്മെന്റ്
7. ,, കെ. ശശി, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്.

I. തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനവും ഏകോപനവും സംബന്ധിച്ച ശ്രീ. എസ്. ശ്രീനിവാസൻ (ഐ.എ.എസ്.) കമ്മീഷൻ റിപ്പോർട്ട് ഭേദഗതി കൂടാതെ സമിതി അംഗീകരിക്കുകയും അനന്തരനടപടികൾക്കായി സർക്കാരിലേക്ക് അയച്ചുകൊടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 18709/സബ്.സി.സി.1/2010/ലെജി.)

II. വ്യാവസായിക പരിശീലന വകുപ്പ് വൈസ് പ്രിൻസിപ്പൽ/പ്രിൻസിപ്പൽ ക്ലാസ്സ്–II നിയമനം സംബന്ധിച്ച ചട്ടങ്ങളുടെ ഭേദഗതി എസ്.ആർ.ഒ. (നമ്പർ 30/2008) ആയി പുറപ്പെടുവിച്ചപ്പോൾ സംഭവിച്ച അപാകത സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച വിശദീകരണം സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 13763/സബ്.സി.സി.1/2008/ലെജി.)

III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന അനന്തരനടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. സബ്ജക്ട് കമ്മിറ്റി VII–ന്റെ 2006-07–ലെ ഒന്നാമത് റിപ്പോർട്ടിലെ 48, 68 എന്നീ ഖണ്ഡികകളിലെ സമിതി ശുപാർശകൾക്കുള്ള മറുപടി (ഫയൽ നമ്പർ 12402/ സബ്.സി.സി.1/2006/ലെജി).

2. സബ്ജക്ട് കമ്മിറ്റി VII–ന്റെ 2007-08 -ലെ രണ്ടാമത് റിപ്പോർട്ടിലെ 50, 76 എന്നീ ഖണ്ഡികകളിലെ ശുപാർശകൾക്കുള്ള മറുപടി (ഫയൽ നമ്പർ 13416/ സബ്.സി.സി.1/2007/ലെജി).

3. ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III–ന്റെ 2008-09–ലെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശ നമ്പർ 39 (ഫയൽ നമ്പർ 15767/ സബ്.സി.സി.1/2010/ലെജി).

4. സബ്ജക്ട് കമ്മിറ്റി VII–ന്റെ 2009-10–ലെ നാലാമത് റിപ്പോർട്ടിലെ 26, 27, 28, 39, 40, 43, 46, 47, 48, 49, 50, 51, 52, 55, 56 എന്നീ ഖണ്ഡികകളിലെ ശുപാർശകൾക്കുള്ള മറുപടി (ഫയൽ നമ്പർ 15562/സബ്.സി.സി.1/2009/ലെജി).

5. സബ്ജക്ട് കമ്മിറ്റി VII–ന്റെ 2010-11–ലെ 5–ാമത് റിപ്പോർട്ടിലെ 39, 40 എന്നീ ഖണ്ഡികകൾ (ഫയൽ നമ്പർ 14977/സബ്.സി.സി.1/2010/ലെജി).

6. ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 24-1-2007, 6-1-2009 എന്നീ തീയതികളിലെ സമിതി യോഗങ്ങളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി (ഫയൽ നമ്പർ 15725/സബ്.സി.സി.1/2010/ ലെജി).

7. ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2006-07-ലെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശ നമ്പർ 30 (ഫയൽ നമ്പർ 11390/ സബ്.സി.സി.1/2010/ലെജി).

8. ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2007-08-ലെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ നമ്പർ 31, 32 (ഫയൽ നമ്പർ 15766/ സബ്.സി.സി.1/2010/ലെജി).

9. ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2009-10–ലെ നാലാമത് റിപ്പോർട്ടിലെ 12, 13, 15 എന്നീ ഖണ്ഡികകൾ (ഫയൽ നമ്പർ 15768/സബ്.സി.സി.1/2010/ലെജി).

10. സബ്ജക്ട് കമ്മിറ്റി VII–ന്റെ 2011-12–ലെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശ നമ്പർ 16, 18, 34 (ഫയൽ നമ്പർ 4870/സബ്.സി.സി.1/2011/ലെജി).

തുടർന്ന് സമിതി സംസ്ഥാനത്തെ ഐ.ടി.ഐ.കളുടെ ഇപ്പോഴത്തെ സ്ഥിതിയെ കുറിച്ചും, അവ നവീകരിക്കുന്നത് സംബന്ധിച്ചും ചർച്ച ചെയ്തു.

സർക്കാർ മേഖലയിൽ 72 ഐ.ടി.ഐ.കളും സ്വകാര്യ മേഖലയിൽ 454 ഐ.ടി.ഐ.കളാണുള്ളതെന്നും, അവയിൽ ഗവൺമെന്റ് സെക്ടറിലെ 72 എണ്ണത്തിൽ 40 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടവും സ്ഥലസൗകര്യങ്ങളുമുള്ളൂവെന്നും, ബാക്കിയുള്ളതെല്ലാം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും, അങ്ങനെ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾക്കൊന്നും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ എക്യുപ്മെന്റ്സോ ഇല്ലായെന്നും അവ വാങ്ങാനായി ബഡ്ജറ്റിൽ 18 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിനുവേണ്ട നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഐ.ടി.ഐ.കളെല്ലാം കൂടി ബന്ധിപ്പിച്ചുകൊണ്ട് Virtual classroom ആരംഭിക്കുന്നതിനുള്ള പ്രോജക്ട് തുടങ്ങുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ടെന്നും എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചു.

ഐ.ടി.ഐ.യ്ക്ക് ആവശ്യമായ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തതാണ് ആ മേഖലയിലെ ഒരു പ്രധാന പ്രശ്നമെന്നും പുതിയ ഐ.ടി.ഐ.കൾ അനുവദിക്കുന്നതിൽ 50% സീറ്റുകളിൽ പോലും പഠിതാക്കളില്ലെന്നും കാലഹരണപ്പെട്ട കോഴ്സുകൾ മാറ്റുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും, നാല് Skills Academy തുടങ്ങുന്നുണ്ടെന്നും, അതിന്റെ ഒരു International Campus-ഉം International Academy-യും ഒരു Head Office-ഉം അതിനുകീഴിൽ ഓരോ ജില്ലയിലും ഓരോ ഐ.ടി.ഐ. വീതം തെരഞ്ഞെടുത്ത് അതിന്റെ സബ്സെന്ററായി കൺവെർട്ട് ചെയ്യുകയും അതുവഴി Quality enhancement-ഉം Skill upgradation-നും വർദ്ധിക്കുമെന്നും ഇത്തരത്തിൽ മൊത്തത്തിലുള്ള ഒരു നവീകരണം സാദ്ധ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി അറിയിച്ചു.

ഗവൺമെന്റ് സെക്ടറിലുള്ള 72 ഐ.ടി.ഐ.കളിൽ സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത 40 ഐ.ടി.ഐ.കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാൻ വേണ്ടിവരുന്ന ചെലവിന്റെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി time bound-ആയി അഞ്ചോ ആറോ വർഷം കൊണ്ട് അത് പൂർത്തീകരിക്കാനുള്ള പരിശ്രമം നടത്തണമെന്നും, അതിനുവേണ്ടി ഒരു സ്കീം ഉണ്ടാക്കി അതിനാവശ്യമായ ഫണ്ട് അനുവദിക്കുകയാണ് വേണ്ടതെന്നും സമിതി ചെയർമാൻ ചൂണ്ടിക്കാട്ടി.

ഐ.ടി.ഐ.കളുടെ വികസനത്തിനാവശ്യമായ ഫണ്ട് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്നുണ്ടെന്നും അത് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനെക്കുറിച്ച് പ്ലാൻ ചെയ്യുകയാണ് വേണ്ടതെന്നും സമിതി എക്സ്-ഒഫീഷ്യോ അംഗം അഭിപ്രായപ്പെട്ടു. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്നതുപോലെ ഉപയോഗപ്രദമായ കോഴ്സുകൾ തുടങ്ങണമെന്ന് സമിതിയിൽ നിർദ്ദേശമുണ്ടായി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ജോലി കിട്ടുന്ന കോഴ്സുകൾ തെരഞ്ഞെടുക്കാനാണ് കുട്ടികൾ താല്പര്യപ്പെടുന്നതെന്നും Housekeeping Management പോലുള്ള കോഴ്സുകൾ പഠിക്കുവാൻ മതിയായ ആൾക്കാർ ഇല്ലെന്നും സമിതി എക്സ്-ഒഫീഷ്യോ അംഗം അറിയിച്ചു.

ഓരോ വർഷവും ലഭിക്കുന്ന ഫണ്ടിനനുസൃതമായേ ഇൻഫ്രാസ്ട്രക്ച്ചർ വികസിപ്പിക്കുവാൻ സാധിക്കുകയുള്ളൂവെന്നും എൻ.സി.വി.റ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്ന കുട്ടികൾക്കും പിന്നീട് എൻ.സി.വി.റ്റി. പരീക്ഷ എഴുതുവാൻ സാധിക്കുമെന്നും എന്നാൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉള്ളവയ്ക്ക് മാത്രമാണ് എൻ.സി.വി.റ്റി. അംഗീകാരം ലഭിക്കുക എന്നും എംപ്ലോയ്മെന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പുതിയതായി അനുവദിച്ച ഐ.ടി.ഐ.കൾക്ക് ആവശ്യമായ ഇൻഫ്രാസ്ട്രക്ചറും മറ്റ് എക്യുപ്മെന്റ്സും ഇല്ലായെന്നും, സ്ഥലവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുമെന്ന ഉറപ്പിന്മേലാണ് പല ഐ.ടി.ഐ.കളും അനുവദിച്ചതെന്നും, എന്നാൽ നിയമപ്രകാരമുള്ള 3 ഏക്കർ സ്ഥലം അല്ലെങ്കിൽ ഒന്നരഏക്കർ സ്ഥലവും കെട്ടിടവും അടുത്ത അധ്യയനവർഷത്തിൽ ലഭ്യമാക്കിയില്ലെങ്കിൽ സ്ഥലം ലഭ്യമാകുന്ന ഇടങ്ങളിലേക്ക് ഐ.ടി.ഐ.കളെ മാറ്റുമെന്ന് അറിയിച്ചുകൊണ്ട് നോട്ടീസ് അയച്ചിട്ടുണ്ടെന്നും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി അറിയിച്ചു.

യോഗം വൈകുന്നേരം 5.20-ന് പിരിഞ്ഞു.

അനുബന്ധം II

# കേരള സർക്കാർ

## സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ്—കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്—2011-12 വർഷത്തെ പെൻഷൻ വിതരണത്തിനായി തുക അനുവദിക്കുന്നതിന് ഭരണാനുമതിയും വിനിയോഗാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

## തൊഴിലും പുനരധിവാസവും (ജെ) വകുപ്പ്

സ.ഉ.(സാധാ.) നമ്പർ 1306/2011/തൊഴിൽ. തിരുവനന്തപുരം, 2-9-2011.

പരാമർശം:— 1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1252/2011/തൊഴിൽ തീയതി 28-8-2011.

2. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11-7-2011 തീയതിയിലെ 194(എ)/08 നമ്പർ കത്ത്.

3. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 6722/2011/ധന. തീയതി 31-8-2011.

### ഉത്തരവ്

പരാമർശം 1-ലെ ഉത്തരവ് പ്രകാരം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ 400 രൂപയായി ഉയർത്തിയ സാഹചര്യത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് പുതുക്കിയ നിരക്കിൽ പെൻഷൻ തുകകൾ അടിയന്തിരമായി വിതരണം ചെയ്യേണ്ടതുള്ളതിനാൽ 2011 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 2,31,84,000 (രണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) വേണ്ടിവരുമെന്നും ആയതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 28 ലക്ഷം രൂപയ്ക്കുപുറമെ 2,03,84,000 രൂപ കൂടി അധികതുകയായി അനുവദിക്കേണ്ടതുണ്ടെന്നും ബഡ്ജറ്റ് വിഹിതം ഉൾപ്പെടെയുള്ള ടി തുകയ്ക്ക് വിനിയോഗാനുമതി നൽകണമെന്നും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിനോട് പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം 2230-01-103-92-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ കൈത്തറി തൊഴിലാളി ക്ഷേമപദ്ധതി സംഭാവന ഇനത്തിൽ 2,03,84,000 രൂപ അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2230-01-103-92-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള 28,00,000 രൂപയും അഡീഷണൽ ആതറൈസേഷൻവഴി അനുവദിച്ചിട്ടുള്ള 2,03,84,000 രൂപയും ഉൾപ്പെടെ 2,31,84,000 രൂപ (രണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) 2011 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ പുതുക്കിയ നിരക്കിൽ തൊഴിലാളികൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിലേക്കായി ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ടി തുക വിനിയോഗിക്കുന്നതിന് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകുന്നു.

ഈ തുക മേൽപ്പറഞ്ഞ ശീർഷകത്തിൽ നിന്ന് പിൻവലിച്ച് ക്രോസ് ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകുന്നതിന് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുള്ള തുക റീ അപ്രോപ്രിയേഷൻ മുഖേനയോ എസ്.ഡി.ജി. മുഖേനയോ നടപ്പുസാമ്പത്തിക വർഷംതന്നെ ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം ലേബർ കമ്മീഷണർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ബാബു,
*അഡീഷണൽ സെക്രട്ടറി.*

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ.&ഇ./ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
(ഈ ഉത്തരവിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്.)

ധനകാര്യ വകുപ്പ് (U.O. No. 69324/H&L-A2/2011/Fin. dated 2-9-2011.)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കണ്ണൂർ.

ഡിസ്ട്രിക്റ്റ് ട്രഷറി ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

# കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ്—കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്—2011-12 വർഷത്തെ പെൻഷൻ വിതരണത്തിനായി തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

## തൊഴിലും പുനരധിവാസവും (ജെ) വകുപ്പ്

സ.ഉ. (സാധാ.) നമ്പർ 1290/2011/തൊഴിൽ. തിരുവനന്തപുരം, 31-8-2011.

പരാമർശം:— 1. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവിന്റെ 25-7-2011, 20-8-2011 എന്നീ തീയതികളിലെ എ1/2170/11 നമ്പർ കത്തുകൾ.

2. സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1252/2011/തൊഴിൽ. തീയതി 22-8-2011.

3. 26-8-2011 തീയതിയിലെ മന്ത്രിസഭായോഗതീരുമാനം.

4. സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 6701/ധന. തീയതി 29-8-2011.

## ഉത്തരവ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്ക് 2011 ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള ആറുമാസ കാലത്തേക്ക് പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിന് മൊത്തം 13,80,07,200 രൂപ ആവശ്യമാണെന്നും ഇതിൽ നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 8,60,07,200 രൂപ കൂടി അഡീഷണൽ ആതറൈസേഷൻവഴി നൽകണമെന്നും ബഡ്ജറ്റ് വിഹിതം ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും ക്ഷേമ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് പരാമർശം ഒന്ന് മുഖേന ആവശ്യപ്പെട്ടിരിക്കുന്നു.

ഇക്കാര്യം സർക്കാർ പരിശോധിക്കുകയും നടപ്പുസാമ്പത്തികവർഷം സംസ്ഥാന ബജറ്റിൽ 2230-01-103-96-10 (സംഭാവന) (എൻ.പി.) എന്ന കണക്കുശീർഷകത്തിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് സർക്കാർ അംശദാന ഇനത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 8,60,07,000 രൂപ കൂടി പരാമർശം 4 പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ടി ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുള്ള 5,20,00,000 (അഞ്ച് കോടി ഇരുപത് ലക്ഷം രൂപ) രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച 8,60,07,000 രൂപ ഉൾപ്പെടെ 13,80,07,000 രൂപ

(പതിമൂന്ന് കോടി എൺപത് ലക്ഷത്തി ഏഴായിരം രൂപ) 2011 ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള ആറുമാസക്കാലത്തേക്ക് പ്രതിമാസം 400 രൂപ നിരക്കിൽ കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനായി ചെലവഴിക്കുന്നതിന് പ്രസ്തുത ബോർഡിന് അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത തുക 2230-01-103-96-10 (സംഭാവന) (എൻ.പി.) എന്ന ശീർഷകത്തിൽ നിന്ന് പിൻവലിച്ച് കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് വിതരണം ചെയ്യുന്നതിനായി ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച തുക റീ അപ്രോപ്രിയേഷൻ മുഖേനയോ എസ്.ഡി.ജി. മുഖേനയോ നടപ്പുസാമ്പത്തികവർഷംതന്നെ ക്രമീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ബാബു,
*അഡീഷണൽ സെക്രട്ടറി.*

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ.&ഇ.), കേരള, തിരുവനന്തപുരം

(ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി പുറപ്പെടുവിക്കുന്നു).

ചീഫ് എക്സിക്യൂട്ടീവ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കൊല്ലം.

ധനകാര്യ (എച്ച്. ആന്റ് എൽ.) വകുപ്പ് [U.O.(F) No. 67279/H&L-A2/11/Fin. dated 31-8-2011.]

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

<u>പകർപ്പ്:</u>

തൊഴിൽ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

## KERALA STATE ELECTRICITY BOARD

### Abstract

FORMATION OF 24 NEW ELECTRICAL SECTION OFFICES—SANCTIONED—ORDERS ISSUED

DISBTRIBUTION PROFIT CENTRE

B.O.(FB) No. 1175/10(DPC III/Reforms/24 New Sections/10-11).

*Dated, Thiruvananthapuram, 10th May, 2010.*

*Read*:—Proceedings of the Board meeting dated 20-4-2010 (Agenda item No. 56/2010)

ORDER

So many representations have been received for bifurcation of Section Offices for the benefit of consumers. The Chief Engineers (Distribution) have forwarded proposals for the formation of new Section Offices.

The Hon'ble Minister (B&SC&E) has announced in the Legislative Assembly that 25 new Electrical Sections would be formed in the financial year 2009-10. The Minister has also pointed out that Sections having consumer strength more than 25000 and having huge area are being considered for bifurcation.

Considering the vast area of jurisdiction and consumer strength of the existing Sections and for imparting better services to the consumers, it is proposed to form 24 Nos. of new Electrical Sections.

Having considering the above Board accords sanction to:—

I. Form the following 24 Nos. of section offices bifurcating the existing Sections to impart efficient services to the consumers as per Annexure to this order.

1. Paivalika
2. Kolayad
3. Kelakam
4. Pariyaram
5. Ullikkal
6. Ambalavayal
7. Koorachundu
8. Kakkoor
9. Koottalida
10. Moodadi
11. Areekkulam
12. Karad
13. Edayoor
14. Thiruvali
15. Kanjirapuzha
16. Peruvanthanam
17. Koottickal
18. Kanjikuzhy
19. Thookkupalam
20. Erattayar
21. Pallippad
22. Kalavoor
23. Piravanthoor
24. Anchal (West)

II. Provide one BSNL landline phone and one CUG phone and a jeep on hire with a kilometre limit of 1500 km./month as per the existing rules to each Section.

III. Provide building on rent, for accommodating the Section Offices where own building is not available/rent free building is not offered by locals/ panchayath authorities.

IV. Provide the required furniture, computer and peripherals for the use of the proposed Section Offices as per rules.

V. Abolish the existing Sub Engineer Offices where new Electrical Section offices are formed by upgradation of Sub Engineer Offices.

VI. Deploy/create staff to each Section as per Table-A given below. Creation of new places shall be with sanction from Government.

The Chief Engineer (HRM) shall issue necessary orders in this regard.

| *Category* | *Staff Pattern* | *Additional Requirement* | *Deployment/Creation* |
|---|---|---|---|
| Assistant Engineer (Ele.) | 1 | 1 | Creation |
| Senior Superintendent | 1 | 1 | B.O. No.1297/02 (Estt.III/396/99) dated 19-9-2002 |
| Sub Engineer (Elec.) | 2/3 | 2/3 | B.O. No.1297/02 (Estt.III/396/ 99) dated 19-9-2002 |
| Senior Assistant | As per Norms | .. | Deployment from Parent Section |
| Overseer | 4 | 4 | B.O. No.1297/02 (Estt.III/396/ 99) dated 19-9-2002 |
| Lineman | As per Norms | .. | Deployment from Parent Section |
| Meter Reader | As per Norms | .. | Deployment from Parent Section |
| Cashier | As per Norms | .. | Deployment from Parent Section |
| PTC Sweeper | 1 | 1 | Creation |
| Elec. Worker | 6 | 6 | Creation |

By order of the Board,

(Sd.)

B. Mohanan,
*Secretary.*

543/2012.

To

The Chief Engineers, Distribution (South/Central/North).

The Chief Engineer (HRM), KSE Board, Thiruvananthapuram.

All Deputy Chief Engineers, Electrical Circles.

*Copy to* :

The Financial Adviser.

The Chief Internal Auditor.

The Regional Audit Officer, Electrical Circles.

The Director (IT), LLO.

The TA to Chairman, Member (Distn.)/Member (Trans)/Member (Gen).

The PA to Member (Finance), Secretary.

The Fair Copy Superintendent.

Library/Stock file.